# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊടുങ്ങല്ലൂര് മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ. എസ്. എ. ടി. എസ്. ആർ ( എം1)547/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 03/05/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
കൊടുങ്ങല്ലൂര് മുനിസിപ്പാലിറ്റി

സർ,

വിഷയം : കൊടുങ്ങല്ലൂര് മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊടുങ്ങല്ലൂര് മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)റീജിയണൽ ജോയിന്റ് ഡയറക്ടർ,, നഗരകാര്യ വകുപ്പ്, കൊച്ചി (ഉപരിപത്രം സഹിതം)
3)സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
4)കാര്യാലയ പകർപ്പ്

നമ്പർ: കെ. എസ്. എ. ടി. എസ്. ആർ ( എം1)547/2023 തീയ്യതി: 03/05/2023

## തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂര് മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂര് മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 26-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 42 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.സുധാദാസ് | ജോയിന്റ് ഡയറക്ടർ | 27-03-2023 | 05-04-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 27-03-2023 | 05-04-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ശ്രീ. ശിവൻ പി. എ, ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേ.) - 27.03.23 മുതൽ 05.04.23 വരെ
2. ശ്രീ. നിർമ്മൽ കെ. ജി, ഓഡിറ്റ് ഓഫീസർ -27.03.23 മുതൽ 05.04.23 വരെ
3. ശ്രീമതി വിദ്യ വിക്രമൻ, അസി. ഓഡിറ്റ് ഓഫീസർ - 27.03.23 മുതൽ 05.04.23 വരെ
4. ശ്രീ. സുനിൽ കുമാർ കെ. സി, അസി. ഓഡിറ്റ് ഓഫീസർ - 27.03.23 മുതൽ 05.04.23 വരെ
5. ശ്രീമതി സുനിത ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ - 27.03.23 മുതൽ 05.04.23 വരെ
6. ശ്രീമതി വിദ്യ ഒ. കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ - 27.03.23 മുതൽ 05.04.23 വരെയും 10.04.23 , 12.04.23, 13.04.23 തീയതികളിലും
7. ശ്രീമതി രേഖ ഇ. സി, ഓഡിറ്റർ - 27.03.23 മുതൽ 05.04.23 വരെ

8. ശ്രീമതി ധന്യ സുരേന്ദ്രൻ, ഓഡിറ്റർ - 12.04.23 മുതൽ 13.04.23 വരെ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| എം. യു ഷിനിജ | ചെയർപേഴ്സൺ | 01-04-2021 | 31-03-2022 |
| സനിൽ എസ് | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സിമ്മി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| മനോജ് | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| സി. എസ് പ്രകാശൻ | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2021 | 01-08-2021 |
| പി. എസ് സിജോ | മുനിസിപ്പൽ എഞ്ചിനീയർ | 02-08-2021 | 19-10-2021 |
| കെ. സി ബിന്ദു | മുനിസിപ്പൽ എഞ്ചിനീയർ | 20-10-2021 | 11-11-2021 |
| സി. എസ് പ്രകാശൻ | മുനിസിപ്പൽ എഞ്ചിനീയർ | 12-11-2021 | 30-11-2021 |
| കെ. സി ബിന്ദു | മുനിസിപ്പൽ എഞ്ചിനീയർ | 01-12-2021 | 31-03-2022 |
| ബി. ഗോപാലകൃഷ്ണൻ | പ്രോജക്ട് ഓഫീസർ | 01-04-2021 | 31-03-2022 |
| സന്തോഷ് വി. വി | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ലിസി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശിഖ മർവിൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ഡോ. ഇന്ദു എസ്. നമ്പൂതിരി | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| റുഖിയ ആർ. കെ | ഹെഡ്മിസ്ട്രസ്സ്, വി.കെ രാജൻ മെമ്മോറിയൽ ഹൈസ്കൂൾ, പുല്ലൂറ്റ് | 01-04-2021 | 31-05-2021 |
| ഒഴിവ് | ഹെഡ്മിസ്ട്രസ്സ്, വി.കെ രാജൻ മെമ്മോറിയൽ ഹൈസ്കൂൾ, പുല്ലൂറ്റ് | 01-06-2021 | 30-06-2021 |
| അജിത ജി. എസ് | ഹെഡ്മിസ്ട്രസ്സ്, വി.കെ | 01-07-2021 | 31-03-2022 |

| | | | |
|---|---|---|---|
| | രാജൻ മെമ്മോറിയൽ ഹൈസ്കൂൾ, പുല്ലൂറ്റ് | | |
| ലത ടി. കെ | ഹെഡ്മിസ്ട്രസ്സ്, കുഞ്ഞിക്കുട്ടി തമ്പുരാട്ടി മെമ്മോറിയൽ ഹൈസ്കൂൾ, കൊടുങ്ങല്ലൂർ | 01-04-2021 | 31-03-2022 |
| ആശ ആനന്ദ് | പ്രിൻസിപ്പാൾ, കുഞ്ഞിക്കുട്ടി തമ്പുരാട്ടി മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂൾ, കൊടുങ്ങല്ലൂർ | 01-04-2021 | 31-03-2022 |
| ശ്രീകുമാർ | പ്രിൻസിപ്പാൾ, പി. ഭാസ്കരൻ മെമ്മോറിയൽ ഹയർ സെക്കന്ററി, ശൃംഖപുരം, കൊടുങ്ങല്ലൂർ | 01-04-2021 | 31-03-2022 |
| ഡോ. ഉണ്ണികൃഷ്ണൻ | മെഡിക്കൽ ഓഫീസർ, ഗവ. താലൂക്ക് ആശുപത്രി, കൊടുങ്ങല്ലൂർ | 01-04-2021 | 31-03-2022 |
| ഡോ. മനീഷ | മെഡിക്കൽ ഓഫീസർ, ഗവ. ഹോമിയോ ഡിസ്പെൻസറി, മേത്തല | 01-04-2021 | 31-03-2022 |
| ഡോ. സുധീർകുമാർ | മെഡിക്കൽ ഓഫീസർ, ഗവ. ആയുർവ്വേദ ആശുപത്രി, നാരായണമംഗലം | 01-04-2021 | 31-03-2022 |
| ഡോ. മുംതാസ് | മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, മേത്തല | 01-04-2021 | 31-03-2022 |
| ഡോ. ദീപ വിജയൻ | മെഡിക്കൽ ഓഫീസർ, ഗവ. ആയുർവ്വേദ ആശുപത്രി, ആനാപ്പുഴ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | കാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | വസ്തു നികുതി (തൻവർഷം)-വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-10-1 |
| 11 | വസ്തുനികുതി(കുടിശ്ശിക)വാർഷിക കണക്കുമായി പൊരുത്തപ്പടുന്നില്ല | 1-10-2 |
| 12 | വസ്തു നികുതി-ലൈബ്രറി സെസ്സ് (തൻവർഷം+കുടിശ്ശിക)-വാർഷിക കണക്കുമായി പൊരുത്തപ്പടുന്നില്ല | 1-10-3 |
| 13 | ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ വ്യത്യാസം | 1-10-4 |
| 14 | മുൻകൂർ ആയി ലഭിച്ച തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-10-5 |
| 15 | വസ്തുനികുതി ഡിമാന്റ്-പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കുന്നില്ല | 1-10-6 |
| 16 | ലൈബ്രറി സെസ്സ്-വ്യത്യാസം പരിഹരിക്കേണ്ടതാണ് | 1-10-7 |
| 17 | അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ-പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കുന്നില്ല | 1-10-8 |
| 18 | വരവ് രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല | 1-10-9 |
| 19 | അക്രൂവൽ ആയി രേഖപ്പെടുത്തേണ്ട താഴെ ചേർത്തിരിക്കുന്ന തുകകൾ അതാത് ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല | 1-10-10 |
| 20 | മുൻകൂർ ആയി ലഭിച്ച തുക അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ രേഖപ്പെടുത്തുന്നില്ല | 1-10-11 |
| 21 | പ്രോവിഷൻ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്,ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല | 1-10-12 |
| 22 | ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല | 1-10-13 |

| | | |
|---|---|---|
| 23 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-10-14 |
| 24 | സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം കണക്കാക്കി എഴുതുന്നില്ല | 1-10-15 |
| 25 | മുൻകൂർ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല | 1-10-16 |
| 26 | ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല | 1-10-17 |
| 27 | പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം-അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല | 1-10-18 |
| 28 | ബാലൻസ്ഷീറ്റ് ബി-17 പ്രകാരമുള്ള പ്രത്യകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി-4 ൽ കാണുന്നില്ല | 1-10-19 |
| 29 | വായ്പാ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | 1-10-20 |
| 30 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ്, ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നു | 1-10-21 |
| 31 | കെട്ടിട നിർമാണ പെർമിറ്റ്-തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ് | 1-11 |
| 32 | വാടകയ്ക്ക് നൽകിയ കടമുറികൾ-ലൈസൻസ് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-12 |
| 33 | നഗരസഭയുടെ ഉടമസ്ഥതയിലുള്ള കടമുറികൾ ഒഴിഞ്ഞുകിടക്കുന്നു | 1-13 |
| 34 | വരുമാന ഇനങ്ങളിലെ കുടിശ്ശിക-പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ് | 1-14 |
| 35 | വരവിനങ്ങൾ-രേഖകൾ ഹാജരാക്കേണ്ടതാണ് | 1-15 |
| 36 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-16 |
| 37 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-17 |
| 38 | പ്രോവിഡന്റ് ഫണ്ട് അക്കൗണ്ട്- തുക നാളിതുവരെ തിരികെ ലഭിച്ചിട്ടില്ല | 1-18 |
| 39 | ഇൻസാനിറ്ററി ടോയ് ലറ്റുകളെ സാനിറ്ററി ടോയ്‌ലെറ്റുകളായി മെച്ചപ്പെടുത്തുന്നതിനു നടപ്പാക്കിയ പദ്ധതികൾ -ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ച് അവസാന ഗഡുകൈപ്പറ്റിയിട്ടില്ല | 1-19 |
| 40 | വിവിധ രേഖകൾ ഹാജരാക്കിയിട്ടില്ല - 3,34,794/-രൂപ തടസ്സപ്പെടുത്തുന്നു | 1-20 |
| 41 | എസ്.എസ്.എ വിഹിതം -വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല | 1-21 |
| 42 | സർക്കാർ സ്കൂളുകൾക്ക് ഇന്ററാക്ടീവ് വൈറ്റ് ബോർഡ് സ്ഥാപിക്കൽ-അപാകതകൾ - ചെലവ് തുക 4,86,400/-തടസ്സപ്പെടുത്തുന്നു | 1-22 |
| 43 | ഗവ.ഗേൾസ് ഹയർസെക്കന്ററി സ്കൂളിൽ ലൈബ്രറിയിലേക്ക് ഡിസ്പ്ലേ റാക്ക്, ഷെൽഫ്, പുസ്തകങ്ങൾ ഡിജിറ്റലൈസ് ചെയ്യൽ - തുക മുൻകൂർ നൽകിയെങ്കിലും കെൽട്രോൺ കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ നൽകിയിട്ടില്ല-പദ്ധതി പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല - ചെലവ് തുക 193929/-തടസ്സപ്പെടുത്തുന്നു | 1-23 |

| | | |
|---|---|---|
| 44 | വീടുകൾക്ക് ബയോകമ്പോസ്റ്റർ പോട്ട്സ്, ബയോഗ്യാസ് പ്ലാന്റ് നൽകൽ -പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ | 1-24 |
| 45 | മരാമത്ത് പദ്ധതിപ്രവർത്തനം | 1-25 |
| 46 | കരാറുകൾ ചമക്കുന്നതിൽ ആധികാരികത പുലർത്തുന്നില്ല | 1-26 |
| 47 | മരാമത്ത് പ്രവൃത്തികൾ -സാധനസാമഗ്രികളുടെ ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടില്ല - അപാകതകൾ | 1-27 |
| 48 | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ വിപുലീകരണം- അപാകതകൾ | 1-28 |
| 49 | ശ്രീകാളീശ്വരി തീയ്യേറ്ററിന് സമീപം കാനനിർമാണത്തിന് ലഭിച്ച മണ്ണ് ഫില്ലിങിന് വേണ്ടി ഉപയോഗിച്ചത് അപാകതകൾ | 1-29 |
| 50 | വരുമാന നികുതി ഈടാക്കിയിട്ടില്ല | 1-30 |
| 51 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-31 |
| 52 | കന്നുകുട്ടി പരിപാലന പദ്ധതി | 1-32 |
| 53 | നഗരസഭയുടെ വസ്തുവകകൾ നാഷണൽ ഹൈവേ അതോറിറ്റി ഏറ്റെടുക്കുന്നത്-നഷ്ടപരിഹാരത്തുക നേടിയെടുക്കുന്നതിൽ ക്രിയാത്മക നടപടി സ്വീകരിക്കേണ്ടതാണ് | 1-33 |
| 54 | സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് -പദ്ധതി തുക ചെലവഴിച്ചില്ല | 1-34 |
| 55 | പട്ടികജാതി വികസന ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 1-35 |
| 56 | വ്യവസായ വികസന ഓഫീസർ -പദ്ധതി തുക ചെലവഴിച്ചില്ല | 1-36 |
| 57 | വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല | 1-37 |
| 58 | 2022-2027 പഞ്ചവത്സര പദ്ധതി തയ്യാറാക്കൽ: അപാകത | 1-38 |
| 59 | ചെലവ് രേഖകൾ ലഭ്യമല്ല. ചെലവ് തുക 24,80,126/- തടസ്സപ്പെടുത്തുന്നു | 1-39 |
| 60 | പദ്ധതി തുക ചെലവഴിച്ചില്ല | 1-40 |
| 61 | ക്യാഷ് ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല | 1-41 |
| 62 | പി.എം.എ.വൈ.-ഭവനനിർമ്മാണം പൂർത്തികരിക്കുന്നതിന് നടപടികൾ സ്വികരിക്കേണ്ടതാണ് | 1-42 |
| 63 | അമൃത് പദ്ധതി | 1-43 |
| 64 | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ - മരണ ശേഷവും പെൻഷൻ തുക നൽകി വരുന്നു | 1-44 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |

| | | |
|---|---|---|
| 2 | ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയത് | 4-3 |
| 4 | വായ്പ്പാ/വായ്പ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുന്ന ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 20.02.2021, തീരുമാനം 1(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 1,11,62,87,742 | 1,10,80,77,546 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 25.03.2022 തീരുമാനം 1(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 61,05,87,939 | 93,51,89,000 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 30.07.2022 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7,38,25,576.98 |
| വരവ് | 36,87,84,416.00 |
| ആകെ | 44,26,09,992.98 |
| ചെലവ് | 34,91,81,237.00 |
| നീക്കിയിരിപ്പ് | 9,34,28,755.98 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 3,71,83,000 | 3,71,83,000 | 3,70,58,476 | 1,24,524 |
| വികസന ഫണ്ട് -എസ്.സി.പി (ACR പ്രകാരം) | 0 | 2,10,41,033 | 2,10,41,033 | 1,56,13,524 | 54,27,509 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 3,37,13,500 | 3,37,13,500 | 2,95,48,271 | 41,65,229 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 2,38,67,376 | 2,38,67,376 | 1,84,17,665 | 54,49,711 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (CFC TiedGrant) (ACR പ്രകാരം) | 0 | 5,86,04,190 | 5,86,04,190 | 4,24,82,363 | 1,61,21,827 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (CFC Untied Basic Grant) (ACR പ്രകാരം) | 0 | 3,53,28,213 | 3,53,28,213 | 2,10,06,437 | 1,43,21,776 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം | ചെലവ് ശതമാനം |
|---|---|---|---|---|---|
| 422 | 36,36,10,779 | 162 | 19,91,83,885 | 38 | 55 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ + ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 13,88,382 | 1,00,00,000+ 10,00,000+ 46,732 (പലിശ) | 1,24,35,114 | 1,18,64,722 | 5,70,392 |

ക്യാഷ്ബുക്ക് പ്രകാരമുള്ള ചെലവാണ് എടുത്തിട്ടുള്ളത്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു .

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 57,95,200 | 288 |
| വിധവാ പെൻഷൻ | 4,90,18,500 | 2777 |
| വാർദ്ധക്യകാല പെൻഷൻ | 11,50,37,000 | 7327 |
| വികലാംഗപെൻഷൻ | 1,50,15,900 | 826 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 33,67,200 | 190 |
| മിശ്ര വിവാഹിതർക്കുള്ള ധനസഹായം | 60,000 | 2 |

## 1-8 കാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള കാഷ് ബാലൻസ് പരിശോധന, 30.03.2023 ന് 3.00 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2,46,317/- രൂപ കാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ പരിശോധനയുടെ ഭാഗമായി കണ്ട അപാകതകൾ ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-10-1 വസ്തു നികുതി (തൻവർഷം)-വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ-ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും , ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 30060572 | 23620273 | 405528 | 6362029 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 38387000 | 29585319 | 128402 | *8673279 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *(9106943 /105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 1-10-2 വസ്തുനികുതി(കുടിശ്ശിക)വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 16882057 | 7931105 | 908912 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *29828645 | 12574447 | **16761368 |
| | *(2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (7838302 + 23481776 =31320078/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (17599437/105X100)=16761368 |

## 1-10-3 വസ്തു നികുതി-ലൈബ്രറി സെസ്സ് (തൻവർഷം+കുടിശ്ശിക)-വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ | ഡിമാന്റ് | ബാക്കി |
|---|---|---|---|---|---|

| | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | ക്രമീകരിച്ചത് | കുറവ് ചെയ്തത് | തൻ വർഷം | കുടിശ്ശിക | ആകെ |
|---|---|---|---|---|---|---|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | 1512831 | 859558 | 2372389 | 1186414 | 398343 | 1584757 | 20447 | - | 320975 | 463351 | 777753 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3402649 | | | 2114409 | | | | 2139051 | 1263598 | | |
| | 1483299+1919350 = (2020-21ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910100 – State Govt. Cess/levies ലെഡ്ജർ 2021-22) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-29 (വരവ്)) | | | | (431910100 -State Govt. Cess/levies ലെഡ്ജർ 2021-22) | (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

## 1-10-4 ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ വ്യത്യാസം

"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല (മേൽ ഖണ്ഡികകളിലെ പട്ടികകൾ).

## 1-10-5 മുൻകൂർ ആയി ലഭിച്ച തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2022 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax | 92716 | 1386433 |

## 1-10-6 വസ്തുനികുതി ഡിമാന്റ്-പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കുന്നില്ല

1/4/2021 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രുവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ

അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2021-22 വർഷത്തിൽ കൊടുങ്ങല്ലൂർ നഗരസഭയിൽ 852 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2021-22 ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റതവണമാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധൂത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്തരവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധൂത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-10-7 ലൈബ്രറി സെസ്സ്-വ്യത്യാസം പരിഹരിക്കേണ്ടതാണ്

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക 26706380 (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910100-State Govt Levies In Property Tax" എന്ന ശീർഷകത്തിൽ വരേണ്ട തുക 1271732 (2670638/105X5) ആണ്. എന്നാൽ ഈ ശീർഷകത്തിൽ 1263598 രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

## 1-10-8 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ-പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കുന്നില്ല

2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു (വസ്തുനികുതിയുടെ വിവരങ്ങൾ മുകളിൽ ചേർത്തിട്ടുണ്ട്).

| ക്രമ നം. | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക (147 കെട്ടിടങ്ങൾ) | 130100101-Rent From Building | 4939200 | 1.4.2021 | 42100391 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്തരവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധൂത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി

സ്വീകരിക്കേണ്ടതുമാണ്.

1-10-9 വരവ് രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 58 (2)(ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3. ഡി&ഒ ഡിമാന്റ് രജിസ്റ്റർ

4. വാടക ഡിമാന്റ് രജിസ്റ്റർ

5. ഭൂമി പാട്ടം ഡിമാന്റ് രജിസ്റ്റർ

6. ലൈബ്രറി രജിസ്റ്റർ

7. പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

8. ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

9. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

10. ഭൂമി പാട്ടം കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ (എഴുതി സൂക്ഷിക്കുന്നില്ല)

11. ലേലം

1-10-10 അക്രൂവൽ ആയി രേഖപ്പെടുത്തേണ്ട താഴെ ചേർത്തിരിക്കുന്ന തുകകൾ അതാത് ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല

| വാടക | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| വാർഷികകണക്ക് പ്രകാരം | 4939200 | 4567932 | 320148 |
| രജിസ്റ്റർ പ്രകാരം | 4939200 | 4584197 | 355003 |

1-10-11 മുൻകൂർ ആയി ലഭിച്ച തുക അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ രേഖപ്പെടുത്തുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | വരുമാനം | മുൻകൂർ ശീർഷകം | 31/3/2022 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350419900-Advance Collection Of Revenues- Other Revenue | 161220 |
| 2 | ഡി&ഒ | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 2378150 |

1-10-12 പ്രോവിഷൻ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്,ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-21 പ്രകാരം, വസ്തുനികുതി ഇനത്തിലും,വാടകയിനത്തിലും തൊഴിൽ നികുതി തുടങ്ങിയ ഇനങ്ങളിൽ ലഭിക്കാൻ ബാക്കിയുള്ള തുകയിൽ, ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി 31/3/2022പ്രകാരമുള്ള തുക ചേർത്തിട്ടുണ്ട് .വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ശീർഷകം | 2021-22 ൽ പ്രൊവിഷനായി രേഖപ്പെടുത്തിയ തുക |
|---|---|---|
| 1. | 270100101-Provision For Doubtful Receivable-Property Tax General | 4399859 |
| 2 | 270100106-Provision For Doubtful Receivable-Profession Tax/inst./ Prof./ Traders | 247331 |
| 3 | 270100301-Provision For Doubtful Receivable- Licence Fees | 2925 |
| 4 | 270100399-Provision For Doubtful Receivable- Other Fees | 36650 |
| 5 | 270100404-Provision For Doubtful Receivable- Rent From Lease On Land | 17665 |
| 6 | 270100499-Provision For Doubtful Receivable-Other Rents | 216483 |

എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

1-10-13 ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1-10-14 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

1-10-15 സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം കണക്കാക്കി എഴുതുന്നില്ല

1. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ആയി 506853/- രൂപയുടെ ക്ലോസിങ് സ്റ്റോക്ക് ഉണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം കണക്കാക്കി എഴുതുന്നില്ല. സാധനങ്ങൾ സ്റ്റോക്കിലെടുക്കുമ്പോൾ ആയതിന്റെ എണ്ണം മാത്രമേ രേഖപ്പെടുത്തുന്നുള്ളൂ. വില രേഖപ്പെടുത്തുന്നില്ല. ആയതിനാൽ വർഷാന്ത്യമൂല്യം

കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ കഴിയുന്നില്ല.

2. സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58, 4 (എ))

1-10-16 മുൻകൂർ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ശീർഷകങ്ങൾ പ്രകാരമുള്ള മുൻകൂറുകൾ ക്രമീകരിക്കുന്നതിന് നിരീക്ഷിക്കുന്നതിന് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

| ശീർഷകം | ബാലൻസ്ഷീറ്റ് പ്രകാരം 31/3/22 ലെ നീക്കിയിരിപ്പ് |
|---|---|
| 460100500- Standing Advance | 13695 |
| 460500202- Advance To Implementing Agencies Specific Grant | 310000 |
| 460509909-Advance To Others | 373177 |
| 460600300-Water Deposit | 86000 |
| 460600100-Electricity Deposit | 1366491 |
| 460500203-Advance To Implementing Agencies-Special Fund | 486000 |

1-10-17 ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-7 പ്രകാരമുള്ള നീക്കിയിരിപ്പ് പരിശോധിക്കുന്നതിന് ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ശീർഷകം | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-7 പ്രകാരം നീക്കിയിരിപ്പ് |
|---|---|---|
| 1 | 340100100- Contractors EMD – Municipal Fund | 82441 |
| 2 | 340100105- Suppliers EMD – Municipal Fund | 82720 |
| 3 | 340100201- Contractors SD – Municipal Fund | 66950 |
| 4 | 340100205 - Suppliers SD – Municipal Fund | 45800 |
| 5 | 340100301 – Contractors Retention Money – Municipal Fund | 334138 |
| 6 | 340300303 - Contractors – Retention Money – Special Fund | 357601 |
| 7 | 340109900-Others Deposit Received From Suppliers/contractors | 19752 |
| 8 | 340200100 Rent Deposit | 2175808 |
| 9 | 340100100- EMD | 500 |
| 10 | 340200200 – Auction Deosit | 3465539 |
| 11 | 340200300- Water Deposit | 11190414 |
| 12 | 340200600- Election | 54000 |

| | | |
|---|---|---|
| | Deposit(Candidate) | |
| 13 | 340800100- Deposit Received Frm Others | 4220986 |
| 14 | 340809900- Others Deposit Received | 240572 |

### 1-10-18 പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം-അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച താഴെ പറയുന്ന സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | |
|---|---|---|---|
| ക്രമ നമ്പർ | ശീർഷകം | ഇനം | തുക |
| 1. | 320300100 | Other Govt. Agencies | 95057 |
| 2. | 320500100 | Welfare Bodies | 1333333 |
| 3. | 320801000 | Beneficiary Contribution | 5581709 |

### 1-10-19 ബാലൻസ്ഷീറ്റ് ബി-17 പ്രകാരമുള്ള പ്രത്യകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി-4 ൽ കാണുന്നില്ല

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യകോദ്ദേശ്യ ബാങ്ക് അക്കൌണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ക്രമ നമ്പർ | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 450610400 | Indian Bank-Amruth 2.0 | 9448259 |

### 1-10-20 വായ്പ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല

1. വായ്പ ഇനത്തിൽ (330500202-Loan From Hudco) തൻവർഷം 1,08,00,000/- രൂപ വരവും 12786667/- രൂപ തിരിച്ചടവും 153440000/- രൂപ 31/3/2022 ൽ തിരിച്ചടക്കാൻ ബാക്കിയുണ്ട്. എന്നാൽ ഈ വിവരങ്ങൾ വായ്പ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

2. താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള PMAY LOAN ൽ തിരിച്ചടക്കാനുള്ള തുക ബാലൻസ്ഷീറ്റ് ബി-5 ൽ കാണുന്നില്ല.

| ക്രമ നമ്പർ | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 450430500 | TDCB (PMAY LOAN) | 3756 |

3. ബാലൻസ് ഷീറ്റ് B5-ഷെഡ്യൂൾ പ്രകാരം 330300100-Loan From Government Body And Association – ഇനത്തിൽ 2218930/- രൂപ നീക്കിയിരിപ്പുണ്ട്. ആയതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

### 1-10-21 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ്, ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നു

താഴെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500204-Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് മാത്രം അതാത് ചെലവ്, ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം, മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ്, ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു. മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല. ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ

തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. ഇപ്രകാരം രേഖപ്പെടുത്തലുകൾ വരുത്തിയതിനുള്ള ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് | വൗച്ചർ നമ്പർ | ഡെപ്പോസിറ്റ് തുക4 | ചെലവ് രേഖപ്പെടുത്തിയ ശീർഷകം | ചെലവ് രേഖപ്പെടുത്തേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|---|---|
| 1 | 373/22 | 22101790/ 01.02.2022 | 95,00,000/- | 251202501 - Drinking Water – Public General | 460600300-Water Deposit |
| 2 | 468/22 | 22101655/ 30.12.2021 | 95,747/- | 412100100-Capital Work In Progress-Development Fund | 460600100-Electricity Deposit |
| 3 | 468/22 | 22101650/ 01.01.2022 | 12,478/- | 412100100-Capital Work In Progress-Development Fund | 460600100-Electricity Deposit |

## 1-11 കെട്ടിട നിർമാണ പെർമിറ്റ്-തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്

A) ഫയൽ നം. BA-205/21-22 M

മേത്തല വില്ലേജിലെ - 1034/4, 1033/4, 1035/7, 1035/2 സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട സ്ഥലത്ത് (വാർഡ് XXIV) വിദ്യാഭ്യാസ കെട്ടിടത്തോട് ചേർന്ന് കിച്ചൻ നിർമിക്കുന്നതിന് വേണ്ടി 11.02.2022 ൽ സി. ഫ്ലാവിയ, സെന്റ് ആൻസ് കോൺവെന്റ് എന്നവർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

പെർമിറ്റ് പ്ലാൻ പ്രകാരം തറവിസ്തീർണം

| ക്രമ നം. | നിലവിലെ കെട്ടിടം | ഉപയോഗം | തറവിസ്തീർണം (ച.മീ.) |
|---|---|---|---|
| 1 | XXIV/727 | കോൺവെന്റ് | 1016.14 + 561.45 = 1577.59 ച.മീ. |
| 2 | XXIV/728 | സ്കൂൾ | 393.8 + 393.8+ 57.11= 844.71 ച.മീ. |
| 3 | XXIV/729 | ഓർഫനേജ് | 446.23 + 367.11 = 813.34 ച.മീ. |
| 4 | XXIV/729 A | സ്കൂൾ | 555.44 + 555.44 + 555.44 = 1666.32 ച.മീ. |
| 5 | XXIV/730 | സ്കൂൾ | 337.89 + 337.89 = 675.78 ച.മീ. |
| 6 | XXIV/731 | സ്കൂൾ | 435.01 + 435.01 = 870.02 ച.മീ. |
| 7 | | ടോയ്‌ലറ്റ് + സ്റ്റേജ് | 178.12 |
| 8 | ആകെ നിലവിലുള്ള കെട്ടിടം | - | 6625.88 ച.മീ. |

| | | | |
|---|---|---|---|
| 9 | നിർദ്ദിഷ്ട കെട്ടിടം | - | 26.70 ച.മീ. |
| 10 | കെട്ടിടത്തിന്റെ ആകെ തറവിസ്തീർണം | - | 6652.58 ച.മീ. |

03.03.2022 ൽ ഓവർസിയർ താഴെ ചേർക്കുന്ന ന്യൂനതകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

1. കേരള മുനിസിപ്പാലിറ്റി കെട്ടിടമിർമാണ ചട്ടങ്ങൾ 2019- റൂൾ 30 പ്രകാരം 'B' ഗണത്തിൽ പെട്ട 1500 ച.മീറ്ററിൽ കൂടുതൽ നിർമ്മിത വിസ്തൃതിയിലുള്ള കെട്ടിടങ്ങൾക്ക് ജില്ലാ ടൗൺപ്ലാനറുടെ അനുമതി ആവശ്യമാണ്. ആയതനുസരിച്ചുള്ള പ്ലാൻ സഹിതം സമർപ്പിക്കേണ്ടതാണ്.
2. മാസ്റ്റർ പ്ലാൻ പ്രകാരം പ്ലോട്ട് നിലനില്ക്കുന്നത് പബ്ലിക് & സെമി പബ്ലിക്ക് മേഖലയിലാണ്. പ്ലോട്ടിനോട് ചേർന്നുള്ള കോട്ടപ്പുറം മാർക്കറ്റ് റോഡിന് 12 M Widening ഉണ്ട്.
3. അപ്പൻഡിക്സ് L പ്രകാരം ലൈസൻസിയെ മാറ്റി പ്ലാൻ റിസബ്മിറ്റ് ചെയ്യേണ്ടതാണ്.

ഈ വിവരങ്ങൾ ചേർത്ത് 06.03.2022 ൽ കക്ഷിക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. മറുപടി ലഭ്യമാക്കാത്തതിനാൽ 12.09.2022 ൽ ഫയൽ ക്ലോസ് ചെയ്യാൻ നിർദ്ദേശം നല്കിയിട്ടുണ്ട്. ഫയൽ ക്ലോസ് ചെയ്തതിന്റെയും നോട്ടീസ് നൽകിയതിന്റെയും വിവരങ്ങൾ രജിസ്റ്ററിൽ ചേർത്തിട്ടില്ല.

ഫയൽ തീർപ്പാക്കൽ നോട്ടീസ് നല്കിയതിന്റെയും കക്ഷി ടി നിർമാണം പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് സ്ഥലപരിശോധന നടത്തിയതിന്റെയും വിവരങ്ങൾ ഫയലിൽ ഇല്ല.

ഈ വിഷയത്തിൽ ഓഡിറ്റ് എൻക്വയറി നൽകിയതിന് നോട്ടീസ് നൽകിയെങ്കിലും ന്യൂനതകൾ പരിഹരിച്ച് അപേക്ഷ സമർപ്പിച്ചിട്ടില്ലെന്നും ഫയൽ തീർപ്പാക്കലിന്റെ ഭാഗമായി അപേക്ഷ സമർപ്പിക്കാൻ ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ലെന്നുമാണ് മറുപടി നൽകിയത്. ടി പ്ലോട്ടിൽ നിർമാണം നടത്തിയിട്ടുണ്ടോയെന്ന് സ്ഥലപരിശോധന നടത്തിയതിനു ശേഷം ഫയലിൽ തുടർനടപടികൾ സ്വീകരിക്കുമെന്നാണ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും മറുപടി നൽകിയത്. തുടർ നടപടി സ്വീകരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്.

ഫയലിലെ സെക്രട്ടറിയുടെ സാക്ഷ്യപത്രം പ്രകാരം (R1-136/22 തീയതി 18.01.2022) അസസ്മെന്റ് രജിസ്റ്ററിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിലവിലെ കെട്ടിടം | ഉപയോഗം | തറവിസ്തീർണം (ച.മീ.) | കാലപ്പഴക്കം |
|---|---|---|---|---|
| 1 | XXIV/727 | കോൺവെന്റ് | - | 61 വർഷം |
| 2 | XXIV/728 | സ്കൂൾ | - | - |
| 3 | XXIV/729 | ഓർഫനേജ് | - | 61 വർഷം |
| 4 | XXIV/729 A | സ്കൂൾ | 1666.34 ച.മീ. | 9 വർഷം |
| 5 | XXIV/730 | സ്കൂൾ | - | 61 വർഷം |
| 6 | XXIV/731 | സ്കൂൾ | - | 61 വർഷം |

ഏതെങ്കിലും കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മേൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയിട്ടുണ്ട് എന്നാണ് മറുപടി ലഭ്യമാക്കിയത്.

ക്രമ നം.1 പ്രകാരമുള്ള കെട്ടിടത്തിന് എന്തടിസ്ഥാനത്തിലാണ് നികുതി ഒഴിവാക്കിയതെന്ന് അറിയിക്കേണ്ടതാണ്.

കെട്ടിടങ്ങൾക്ക് സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം നികുതി നിർണയിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

നിലവിൽ ഓർഫനേജ് കെട്ടിടം ഉപയോഗപ്പെടുത്തുന്നുണ്ടെങ്കിൽ ആയതിന്റെ വിവരം അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 17/01.04.2023)

## 1-12 വാടകയ്ക്ക് നൽകിയ കടമുറികൾ-ലൈസൻസ് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

നഗരസഭ ഉടമസ്ഥതയിലുള്ള വിവിധ കെട്ടിടങ്ങളിലായി 147 മുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. വാടക

രജിസ്റ്ററിൽ ഈ കെട്ടിടങ്ങൾക്ക്/മുറികൾക്ക് കെട്ടിട നമ്പർ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ വാടകക്ക് നൽകിയ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ നഗരസഭയുടെ 2021-22 വർഷത്തെ വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ഉള്ള ലൈസൻസ് എടുത്താണോ പ്രവർത്തിക്കുന്നത് എന്ന് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ:19/തീ.1.4.2023) മറുപടി ലഭ്യമാക്കിയില്ല.

ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതും ലൈസൻസ് വിവരങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-13 നഗരസഭയുടെ ഉടമസ്ഥതയിലുള്ള കടമുറികൾ ഒഴിഞ്ഞുകിടക്കുന്നു

നഗരസഭയുടെ ഉടമസ്ഥതയിലുള്ള കാവിൽക്കടവ് ഷോപ്പിംഗ് കോംപ്ലക്സിലെ താഴെപ്പറയുന്ന കടമുറികൾ ഒഴിഞ്ഞുകിടക്കുന്നു.

| ക്രമ നം. | ബ്ലോക്കിന്റെ പേര് | ഒഴിഞ്ഞുകിടക്കുന്ന മുറികളുടെ എണ്ണം |
|---|---|---|
| 1 | നോർത്ത് ബ്ലോക്ക് ഗ്രൗണ്ട് ഫ്ലോർ | 1 |
| 2 | സൗത്ത് ബ്ലോക്ക് ഗ്രൗണ്ട് ഫ്ലോർ | 1 |
| 3 | നോർത്ത് ബ്ലോക്ക് ഫസ്റ്റ് ഫ്ലോർ | 1 |
| 4 | ഫിഷ് സ്റ്റാൾ | 5 |
| 5 | മീറ്റ് സ്റ്റാൾ | 3 |
| 6 | ഫിഷ് കൗണ്ടർ | 9 |

(ഓഡിറ്റ് എൻക്വയറി 18 തീയതി 1.4.2023)

മേൽ വിവരത്തിന് ഓഡിറ്റ് എൻക്വയറി നൽകിയതിൽ ക്രമ നം. 1, 2 കടമുറികൾ ലേല നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നും ക്രമ നം. 3 നോർത്ത് ബ്ലോക്ക് ഫസ്റ്റ് ഫ്ലോർ ലേലം, ഓഫർ നടപടികൾ സ്വീകരിച്ചിട്ടും ആരുംതന്നെ ഏറ്റെടുക്കാത്തതിനാൽ പൊതുപരിപാടികൾക്ക് നൽകുന്നതിന് കൗൺസിൽ തീരുമാനമെടുത്തിട്ടുണ്ടെന്നും ക്രമ നം. 6, 7, 8 പ്രകാരമുള്ള മുറികളിൽ നിലവിൽ അറ്റകുറ്റപ്പണിനടന്നുവരുന്നുവെന്നും അറിയിച്ചു.

അറ്റകുറ്റപ്പണി എത്രയും വേഗം പൂർത്തിയാക്കി കടമുറികൾ വാടകയ്ക്ക് നൽകേണ്ടതാണ്. ലേല നടപടികൾക്ക് വ്യാപകമായി പ്രചാരണം നൽകുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-14 വരുമാന ഇനങ്ങളിലെ കുടിശ്ശിക-പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്

2021-22 വർഷത്തെ നഗരസഭയുടെ ബാലൻസ്ഷീറ്റ് പ്രകാരം വിവിധ വരവിനങ്ങളിൽ കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. വരുമാന ഇനങ്ങളിൽ നിന്നുള്ള കുടിശ്ശിക വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഇനം | തുക |
|---|---|---|
| 1 | തൊഴിൽ നികുതി (സ്ഥാപനങ്ങൾ/കച്ചവടക്കാർ) | 1609981 |
| 2 | മറ്റ് ഫീസുകൾ | 146600 |
| 3 | വാടക | 320148 |
| 4 | ഭൂമി പാട്ടം | 70622 |
| 5 | അതർ റെന്റ് (കുടിശ്ശിക) | 865933 |

| | | |
|---|---|---|
| 6 | ലൈസൻസ് | 48700 |

മേൽ കുടിശ്ശികകൾ പിരിച്ചെടുക്കാനായി സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ: 30/തീ.4.4.2023) മറുപടി ലഭ്യമാക്കിയില്ല. കുടിശ്ശിക തുക അടിയന്തിരമായി പിരിച്ചെടുക്കേണ്ടതാണ്.

## 1-15 വരവിനങ്ങൾ-രേഖകൾ ഹാജരാക്കേണ്ടതാണ്

താഴെ കൊടുക്കുന്ന വരവിനങ്ങളുമായി ബന്ധപ്പെട്ട ഫയലുകൾ, രജിസ്റ്ററുകൾ, അനുബന്ധ രേഖകൾ ഹാജരാക്കിയില്ല.

| ഇനം | തുക |
|---|---|
| Sale Of Other Products | 27200 |
| Sale Of Forms (Others) | 26970 |
| Miscellaneous Sales | 23085 |
| Rent From Town Hall | 183920 |
| Sale Of Scrap | 114766 (ആകെ തുക 227586 രൂപ, 112820 രൂപയുടെ രേഖകൾ ഹാജരാക്കി) |

രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 14/31.3.2023 മറുപടി ലഭ്യമാക്കിയില്ല. മേൽ കൊടുത്ത വരവിനങ്ങളുടെ ഫയലുകൾ, രജിസ്റ്ററുകൾ, അനുബന്ധ രേഖകൾ എന്നിവ ഹാജരാക്കേണ്ടതാണ്.

## 1-16 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

കേരള മുനിസിപ്പാലിറ്റി നിയമം 245 വകുപ്പ് പ്രകാരം നഗരസഭാ പരിധിയിൽ ഒരു അർദ്ധ വർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഏതൊരു കമ്പനിയിൽ നിന്നും അറുപത് ദിവസത്തിൽ കുറയാതെ ഏതെങ്കിലും തൊഴിലിലോ, ബിസിനസിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും പരമാവധി നിർണ്ണയിക്കപ്പെട്ടിട്ടുള്ള നിരക്കുകളിൽ കുറയാതെ തൊഴിൽ നികുതി ചുമത്തേണ്ടതാണ്.

2021-22 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം മുനിസിപ്പാലിറ്റിയിലെ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | വാർഡ് നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വാർഷികം |
|---|---|---|---|
| 1 | II | മഹാലക്ഷ്മി ഡെന്റൽ സ്പെഷ്യാലിറ്റി ക്ലിനിക് | I,II |
| 2 | II | എം സി പി മോട്ടോർ സൈൻ | II |
| 3 | II | സത്താർ സിറ്റി ഗേൾ ഫാൻസി | I,II |
| 4 | XII | സുരയ്യ സാഗർ ക്ലാസ്സിക് കലക്ഷൻസ് | I,II |
| 5 | XII | ജയറാം കല്ലറക്കൽഫിനാൻസ് | I,II |
| 6 | XIII | കല്ല്യാൺ ദായിനി സഭ ചിട്ടി ആന്റ് കമ്പ്യൂട്ടർ സെന്റർ | II |
| 7 | XIII | ഹാന്റക്സ് കൊടുങ്ങല്ലൂർ | I,II |
| 8 | XIII | താലൂക്ക് ലൈബ്രറി കൗൺസിൽ, കാവിൽകടവ് | I,II |
| 9 | XIII | ദർബാർ ഹാൾ | I,II |
| 10 | XIV | ഇന്ത്യൻ ഇൻസ്റ്റിട്യൂട് ഓഫ് എഞ്ചിനീയറിംഗ് | I,II |
| 11 | XX | പെട്രോൾ പമ്പ് കെ.കെ.ടി.എം കോളേജ് | I,II |

| | | | |
|---|---|---|---|
| 12 | XX | കുറുപ്പം തറയിൽ ടൈൽസ് സാനിറ്ററീസ് | I,II |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 35/5.4.2023 മറുപടി ലഭ്യമാക്കിയില്ല. ഈ സ്ഥാപനങ്ങളുടെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

ഏതാനും വാർഡുകളിലെ വിവരങ്ങളാണ് പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. എല്ലാ വാർഡുകളിലും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

കരാറുകാ രിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2021-22 സാമ്പത്തിക വർഷത്തിൽ മുനിസിപ്പാലിറ്റിയുടെ വർക്കുകൾ എറ്റെടുത്ത് നടത്തിയ താഴെ പറയുന്ന കരാറുകാരിൽ നിന്നും കേരള മുനിസിപ്പാലിറ്റി ചട്ടങ്ങൾ (ചട്ടം 3 (2) മുതൽ 3 (11) വരെ) പ്രകാരം ഈടാക്കേണ്ട തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

1. റിതിൽ ബാബു

2. രഞ്ജിത് ടി

3. സിയാദ് പി. കെ

ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറിക്ക് 35/5.4.2023 മറുപടി ലഭ്യമാക്കിയില്ല. മുനിസിപ്പാലിറ്റിയുടെ വർക്കുകൾ ഏറ്റെടുത്ത് നടത്തിയ എല്ലാ കരാറുകാരിൽ നിന്നും തൊഴിൽ നികുതിഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

## 1-17 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി (ട്രേഡേഴ്സ്) രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും മുനിസിപ്പാലിറ്റിയിലെ താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | വാർഡ് നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വാർഷികം |
|---|---|---|---|
| 1 | II | IIFL ഫിനാൻസ് ലിമിറ്റഡ് | I,II |
| 2 | IV | മുളങ്ങിൽ നിധി ലിമിറ്റഡ് | II |
| 3 | IV | എ 1 സൂപ്പർ മാർക്കറ്റ് | II |
| 4 | IV | ഡെൽമ ടെക്സ്റ്റൈൽസ് | I,II |
| 5 | IV | ടാക്സ് കൺസൾട്ടന്റ് | II |
| 6 | IV | എ.ആർ.കെ | I,II |
| 7 | IV | പ്രകാശ് കൺസ്ട്രക്ഷൻ | I,II |
| 8 | IV | ദൃശ്യ സ്റ്റുഡിയോ | I,II |
| 9 | XXXIII | Ss കോൺക്രീറ്റ് | II |
| 10 | XXXIV | ലിബറൽ എന്റർ പ്രൈസസ് | I,II |
| 11 | XXXIV | മോട്ടോർ ഇൻസ്പെയർ ഫാക്ടറി | I,II |
| 12 | XXXIV | ആൽഫ മോട്ടോർ | II |
| 13 | XXXV | ഗൗരി ശങ്കർ ഹോസ്പിറ്റൽ | I,II |
| 14 | XXXVI | ചേരമാൻ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് | I,II |
| 15 | XXXVII | സപ്ലൈകോ | I,II |
| 16 | V | കെ എഫ് സി റസ്റ്റോറന്റ് | II |
| 17 | VI | വി.പി ട്രേഡേഴ്സ് | II |
| 18 | XVIII | ചള്ളിയിൽ ഫിനാൻസ് | I,II |

| | | | |
|---|---|---|---|
| 19 | XVIII | സോണിക് പവർ സൊല്യൂഷൻസ് | I,II |
| 20 | XVIII | നന്ദനം സാനിറ്ററീസ് | I,II |
| 21 | XIX | ക്രെഡിറ്റ് അക്സസ് ഗ്രാനൈറ്റ് ലിമി. | II |

നഗരസഭയിലെ ചില വാർഡുകളിലെ വിവരങ്ങൾ മാത്രമാണ് മുകളിൽ ചേർത്തിട്ടുള്ളത്. മുഴുവൻ വാർഡുകളിലെയും വിവരങ്ങൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറിക്ക് 38/5.4.2023 മറുപടി ലഭ്യമാക്കിയില്ല.

## 1-18 പ്രോവിഡന്റ് ഫണ്ട് അക്കൗണ്ട്- തുക നാളിതുവരെ തിരികെ ലഭിച്ചിട്ടില്ല

നഗരസഭയുടെ പി.എഫ്. ആവശ്യങ്ങൾക്കായി നിലവിലുണ്ടായിരുന്ന TPA 723030300000223 അക്കൗണ്ടിൽ (റഗുലർ ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് അക്കൗണ്ട്) നിന്നും 25,54,127/- രൂപയും TPA 723030300000219 അക്കൗണ്ടിൽ (കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അക്കൗണ്ട്) നിന്നും, 32,67,710/- രൂപയും 31.03.2021 ൽ റിഡമ്ഷൻ ഇനത്തിൽ പിൻവലിച്ചിട്ടുണ്ട്. ടി തുക നാളിതുവരെയായി സർക്കാരിൽ നിന്നും തിരികെ ലഭിച്ചിട്ടില്ല. തുടർനടപടികൾ സ്വീകരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്.

TDCB SB A/c 33 – റഗുലർ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അക്കൗണ്ടിന് 2021-22 വർഷത്തിൽ പലിശയിനത്തിൽ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം അറിയിക്കേണ്ടതാണ്. ഏതെങ്കിലും പ്രത്യേക നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണോ ടി അക്കൗണ്ട് TDCBബാങ്കിൽ ആരംഭിച്ചതെന്ന് അറിയിക്കേണ്ടതാണ്. അക്കൗണ്ടിൽ പലിശ ലഭിക്കുന്നില്ലെങ്കിൽ ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.9/30.03.2023)

## 1-19 ഇൻസാനിറ്ററി ടോയ് ലറ്റുകളെ സാനിറ്ററി ടോയ്ലെറ്റുകളായി മെച്ചപ്പെടുത്തുന്നതിനു നടപ്പാക്കിയ പദ്ധതികൾ -ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ച് അവസാന ഗഡുകൈപ്പറ്റിയിട്ടില്ല

ഇൻസാനിറ്ററി ടോയ് ലറ്റുകളെ സാനിറ്ററി ടോയ്ലെറ്റുകളായി മെച്ചപ്പെടുത്തുന്നതിന് 2021-22 വർഷം നടപ്പാക്കിയ പദ്ധതികളും അവയുടെ നിർവ്വഹണത്തിലെ അപാകങ്ങളും ചുവടെ ചേർക്കുന്നു.
1.പ്രോജക്ട് - ഇൻസാനിറ്ററി ടോയ്ലെറ്റുകളെ സാനിറ്ററി ടോയ്ലെറ്റുകളായി മെച്ചപ്പെടുത്തുന്നതിനുള്ള ധനസഹായം-എസ്.സി തൻവർഷം(60/22)

നിർവ്വഹണം -ഹെൽത്ത് സൂപ്പർവൈസർ (പ്രോജക്ട് ഓഫീസർ)

അടങ്കൽ -15,00,000/-

ചെലവ് -2,31,200/ -

ഫണ്ട് ഇനം - എസ്.സി.പി

ഫയൽ -PH5/2317/22

വൗച്ചർ -1.22101997/3.2.22-2,00,000/ -

2.22102411/30.3.22-31,200/-

ഇൻസാനിറ്ററി ടോയ് ലറ്റുകളെ സാനിറ്ററി ടോയ്ലെറ്റുകളായി മാറ്റുന്നതിന് ഒരുഗുണഭോക്താവിന് 15400/-രൂപ വീതം ധനസഹായം അനുവദിക്കുന്നതിനു നടപ്പാക്കിയ പദ്ധതി. ഇത് പ്രകാരം 5000/-രൂപ വീതം 40 ഗുണഭോക്താക്കൾക്ക് തൻവർഷം വൗച്ചർ നമ്പർ 1 മുഖേന അഡ്വാൻസ് നൽകിയിട്ടുണ്ട്. 2021-22ൽ പ്രോജക്ട് 44/23പ്രകാരം സ്പിൽ ഓവർ ആയി തുടർന്നെങ്കിലും ഓഡിറ്റിന് ലഭ്യമാക്കിയ ഫയൽ പ്രകാരം താഴെപ്പറയുന്ന ഗുണഭോക്താക്കൾ ടോയ്ലെറ്റ് മെയിന്റനൻസ് പൂർത്തീകരിച്ചിട്ടില്ല .

| ക്രമ നമ്പർ | ഗുണഭോക്താക്കളുടെ പേര് വിവരം | നൽകിയ തുക |
|---|---|---|
| 1 | നിർമ്മല എൻ.കെ | 5000 |

| | | |
|---|---|---|
| 2 | പ്രേമകുമാരി പി.പി | “ |
| 3 | സുമ | “ |
| 4 | നവീൻ അരവിന്ദ് | “ |
| 5 | അജിതൻ | |
| 6 | രമരവി | ‘ |
| 7 | ഓമന ഗോപി | ‘ |
| 8 | വേലായുധൻ | “ |
| 9 | സുലോചന പി.സി | “ |
| 10 | കുമാരി സി.വി | ‘ |
| 11 | സുഭാഷിണി പി.എസ് | ‘’ |
| 12 | ദിനേശൻ കെ.ക | ‘ |
| 13 | സുനന്ദ | ‘ |
| 14 | സതി | ‘ |
| 15 | രാജൻ പി.എ | ‘ |
| 16 | ജയൻ | ‘ |
| 17 | വിമല വിജയൻ | ‘ |
| | ആകെ | 85000 |

1.അവസാനഗഡുകൈപ്പറ്റി പ്രവൃത്തിപൂർത്തീകരിക്കാതിരുന്നതിന്റെ കാരണം അറിയിക്കാൻ ഓഡിറ്റ് എൻക്വയറി 15/31/03/23 പ്രകാരം ആവശ്യപ്പെട്ടിരുന്നു. 17പേർ ഇനിയും പൂർത്തീകരിക്കാൻ ഉണ്ടെന്നും പണിപൂർത്തീകരിക്കാത്തതിനാൽ അവസാനഗഡു നൽകാൻ കഴിഞ്ഞിട്ടില്ലയെന്നുമാണ് മറുപടിയിൽ അറിയിച്ചിട്ടുള്ളത്. എത്രയും വേഗം പ്രവൃത്തി പൂർത്തീകരിച്ച് അവസാനഗഡു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, അല്ലാത്തപക്ഷം തുക തിരികെ ഈടാക്കി സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

II.പ്രോജക്ട് - ഇൻസാനിറ്ററി ടോയ്‌ലറ്റുകളെ സനിറ്ററി ടോയിലറ്റുകളായി മെച്ചപ്പെടുത്തുന്നതിനുള്ള ധനസഹായം-എസ്.സി (231/22) സ്പിൽ ഓവർ

നിർവ്വഹണം -ഹെൽത്ത് സൂപ്പർവൈസർ (പ്രോജക്ട് ഓഫീസർ)

അടങ്കൽ -1,61,400/-

ചെലവ് -1,58,200/ -

ഫണ്ട് ഇനം - എസ്.സി.പി

ഫയൽ -PH2/1002/19

വൗച്ചർ – 1.22100855/6.9.21-95,800/ -

2.22101517/16.12.21-41,600/-

3.22101996/7.2.22 -20,800/-

ഇൻസാനിറ്ററി ടോയ് ലറ്റുകളെ സാനിറ്ററി ടോയ് ലറ്റുകളായി മാറ്റുന്നതിന് ഒരു ഗുണഭോക്താവിന് 15,400/-രൂപ വീതം ധനസഹായം അനുവദിക്കുന്നതിനു നടപ്പാക്കിയ സ്പിൽ ഓവർ പദ്ധതി പ്രകാരം 5000/-രൂപ വീതം 15 ഗുണഭോക്താക്കൾക്ക് (വൗച്ചർ നമ്പർ 1 ) അഡ്വാൻസും 2 പേർക്ക് 10,400/- വീതം അവസാനഗഡുവും നൽകിയിട്ടുണ്ട്. വൗച്ചർ നമ്പർ 2,3 പ്രകാരം 6 പേർക്ക് അവസാന ഗഡുവും നൽകിയിട്ടുണ്ട്.

മുൻകൂർ കൈപ്പറ്റിയ 14 ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ച് അവസാനഗഡുകൈപ്പറ്റിയിട്ടില്ല.ഫയൽ പ്രകാരം 2019-20 ൽ ആരംഭിച്ച പദ്ധതി 2021-22 ലും പൂർത്തീകരിക്കപ്പെട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കാത്തവരുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താക്കളുടെ പേര് വിവരം | നൽകിയ തുക |
|---|---|---|
| 1 | ലളിത രാമു ചിറ്റാപ്പുറത്ത് | 5000 |
| 2 | ചന്ദ്രിക പൂവ്വത്തറ | " |
| 3 | ആൽഡ്രിൻ ഇളംതുരുത്തി | " |
| 4 | സുധീഷ് കളപ്പാടി | " |
| 5 | ജാംബവതി മനാഞ്ചേരി | |
| 6 | സതീഷ് പി.കെ പെരിങ്ങാട്ട് | ' |
| 7 | വള്ളിയമ്മ ഗോപു | ' |
| 8 | സിദ്ധാർത്ഥൻ ചിരട്ടപുരയ്ക്കൽ | " |
| 9 | ശശി ടി.കെ,താനാട്ട് | " |
| 10 | ജാനകി എം.കെ | ' |
| 11 | ജിജി പച്ചാംപുള്ളി | " |
| 12 | ഉമാദേവി കപ്പിടി പറമ്പിൽ | ' |
| 13 | സുമ വടക്കുംപുരയ്ക്കൽ | ' |
| 14 | സുകുമാരൻ വടക്കുംപുരയ്ക്കൽ | ' |
| | ആകെ | 70000 |

എത്രയും വേഗം പ്രവൃത്തി പൂർത്തീകരിച്ച് അവസാനഗഡു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, അല്ലാത്തപക്ഷം തുക തിരികെ ഈടാക്കി സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

III.പ്രോജക്ട് - ഇൻസാനിറ്ററി ടോയ്‌ലറ്റ് സാനിറ്ററി ടോയ്‌ലറ്റ് ആക്കുന്നതിനുള്ള പദ്ധതി (ജനറൽ) തൻവർഷം (206/22)

നിർവ്വഹണം -ഹെൽത്ത് സൂപ്പർവൈസർ (പ്രോജക്ട് ഓഫീസർ)

അടങ്കൽ - 15,40,000/-

ചെലവ് -4,85,000/ -

ഫണ്ട് ഇനം - സി.എഫ്.സി

ഫയൽ -PH2/10147/21

വൗച്ചർ -1.22102101/3.2.22-4,80,000/-

2.22102102/03.3.22-5000/-

ഈ പദ്ധതി പ്രകാരം 97 ഗുണഭോക്താക്കൾക്ക് 5000/-രൂപ വീതം മുൻകൂർ നൽകിയിട്ടുണ്ട്. ഇതിൽ ചുവടെ ചേർത്തിരിക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ച് അവസാനഗഡു കൈപ്പറ്റിയിട്ടില്ല.

| ക്രമ നമ്പർ | ഗുണഭോക്താക്കളുടെ പേര് വിവരം | നൽകിയ തുക |
|---|---|---|
| 1 | സാബിത്ത് കൈതാര | 5000 |
| 2 | ഉണ്ണികൃഷ്ണൻ,പീഠികപറമ്പിൽ | " |
| 3 | അലക്സാണ്ടർ,തോണ്ടുശ്ശേരി | " |
| 4 | രാധവിജയൻ,കോവിൽപറമ്പിൽ | " |
| 5 | ശോഭന ചാക്കോളി | |
| 6 | മായ ചെട്ടിയാട്ടിൽ | ' |
| 7 | വത്സല,പാറക്കൽ | ' |

| | | |
|---|---|---|
| 8 | ഉഷദേവി,പുളിക്കത്തറ | “ |
| 9 | രാമായി,കണിയംകാട്ടിൽ | “ |
| 10 | ഷാഹിദ,ഇടക്കുട്ടത്തിൽ | ‘ |
| 11 | ബീവി,ഒറ്റത്തായിക്കൽ വീട് | ‘’ |
| 12 | മണി,പാറക്കൽ | ‘ |
| 13 | ലീല,കാലടിപറമ്പിൽ | ‘ |
| 14 | ബേബി,മാഞ്ഞൂരാൻ | ‘ |
| 15 | ധന്യ,ആലിങ്ങപറമ്പിൽ | " |
| 16 | മോഹനൻ,ഭഗവതിപറമ്പിൽ | " |
| 17 | ലേഖചന്ദ്രൻ,കളത്തിൽ | ‘ |
| 18 | രാജേശ്വരി,ഇല്ലത്തുപറമ്പിൽ | ‘ |
| 19 | പ്രഭാവതി,കോനത്തേടത്ത് | ‘ |
| 20 | സ്മിതദേവി,കുട്ടിപറമ്പിൽ | ‘ |
| 21 | സുകന്യ,കാരക്കടവ് | ‘ |
| 22 | രമ,കൈമപറമ്പിൽ | ‘ |
| 23 | സദാശിവൻ,കല്ലപറമ്പിൽ | ‘ |
| 24 | ഗിൽസ,പ്ലാക്കപറമ്പിൽ | ‘ |
| 25 | മല്ലിക,ഉള്ളുകരപറമ്പിൽ | ‘ |
| 26 | ശാന്ത,കളത്തിപറമ്പിൽ | ‘ |
| 27 | നാരായണൻ,കുറ്റിപറമ്പിൽ | ‘ |
| 28 | ലിനാട്ട്,വാഴക്കുട്ടത്തിൽ | ‘ |
| 29 | സ്റ്റെല്ല,വാലൂർ | ‘ |
| 30 | ഫ്രാൻസിസ്,പള്ളിപറമ്പിൽ | ‘ |
| 31 | വനിതമണി,കോരിശ്ശേരി | ‘ |
| 32 | ഷീജ,മുണ്ടോളി | ‘ |
| 33 | ജാനകി,ആലിങ്ങപറമ്പിൽ | ‘ |
| 34 | കൗസല്യ,കല്ലിങ്ങപറമ്പിൽ | ‘ |
| 35 | ഓമന,ഊർക്കോളിൽ | ‘ |
| 36 | ആഷ,അവിട്ടമ്പിൽ | ‘ |
| 37 | ശാരദ,വടക്കുമുറക്കൽ | ‘ |
| 38 | സെയ്തുമുഹമ്മദ്,ഇടവനക്കൽ | ‘ |
| 39 | മേരി പള്ളിയിൽ | ‘ |
| 40 | ശ്യാമള,തൃക്കുലശേഖരപുരം | ‘ |
| 41 | പ്രേമവല്ലി,ആണ്ടുരുത്തി | ‘ |
| 42 | സതി,പാറക്കൽ | ‘ |
| 43 | ഹനീഫ,താനിപീടികയിൽ | ‘ |
| 44 | രാജേഷ്,തച്ചിപറമ്പിൽ | ‘ |
| 45 | അംബികാദേവി,കുണ്ടൂർ | ‘ |
| 46 | ഓമനപഴംമ്പുള്ളിൽ | ‘ |
| 47 | ജെസ്സി,പ്ലാക്കൽ | ‘ |
| 48 | ഷീബകരേക്കാട്ടു | ‘ |

| | | |
|---|---|---|
| | ആകെ | 240000 |

മേൽപ്പറഞ്ഞ 48 ഗുണഭോക്താക്കൾ എത്രയും വേഗം പ്രവൃത്തി പൂർത്തീകരിച്ച് അവസാനഗഡു കൈപ്പറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, അല്ലാത്തപക്ഷം തുക തിരികെ ഈടാക്കി ബാങ്ക് അക്കൗണ്ടിൽ അടവാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.
(ഓഡിറ്റ് എൻക്വയറി 15/31.03.23,20/1.4.23)

1-20 വിവിധ രേഖകൾ ഹാജരാക്കിയിട്ടില്ല - 3,34,794/-രൂപ തടസ്സപ്പെടുത്തുന്നു

ഹെഡ്മാസ്റ്റർ, കെ.കെ.ടി.എം.ഗേൾസ് ഗവൺമെന്റ് ഹൈസ്കൂൾ നിർവ്വഹണം നടത്തിയ ചുവടെ ചേർത്തിരിക്കുന്ന പദ്ധതികളുടെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.
1.പ്രോജക്റ്റ് - സാക്ഷരത കേന്ദ്രങ്ങൾക്ക് കംപ്യൂട്ടർ2 എണ്ണം, 181/22

ചെലവ് -79,594/-

ഫണ്ട് - റോഡിതരം

വൗച്ചർ നമ്പർ -22102164/28.2.2022

സാക്ഷരത കേന്ദ്രങ്ങൾക്ക് കംപ്യൂട്ടർ2 എണ്ണം വാങ്ങി നൽകുന്നതിന് കെൽട്രോണിന് പ്രഫോർമ ഇൻവോയിസ് നമ്പർ TVM/ITBG/PI/RC/34870/20-21 തീ.10/2/22 പ്രകാരം 79,594/- രൂപ മേൽ വൗച്ചർ പ്രകാരം നൽകിയിട്ടുണ്ട്. ഫയൽ പ്രകാരം കമ്പ്യൂട്ടർ ലഭിച്ചതായികാണുന്നില്ല. കമ്പ്യൂട്ടർ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ ടാക്സ് ഇൻവോയിസ്, തുക കൈപ്പറ്റിയതിന്റെ രസീത്, കമ്പ്യൂട്ടർ സ്ഥാപിച്ച് പദ്ധതി പൂർത്തീകരിച്ചതിന്റെ കംപ്ലീഷൻ റിപ്പോർട്ട്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഓഡിറ്റിന് ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.

II.നഗരസഭ പരിധിയിലെ തുടർ വിദ്യാഭ്യാസ പദ്ധതി ഗുണഭോക്താക്കളുടെ കോഴ്സ് ഫീ അടവാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് | വൗച്ചർനം./തീയ്യതി | തുക | തുക നൽകിയത് | തുക നൽകിയതിന്റെ വിശദാംശം |
|---|---|---|---|---|
| 171/22-തുടർ വിദ്യാഭ്യാസ പരിപാടി-സാക്ഷരത10, 11,12 -ാം തരം | 22102023/ 21.2.22 | 1,91,400 | സ്റ്റേറ്റ് ലിറ്ററസി മിഷൻ | 10-ാം തരം 44 വിദ്യാർത്ഥികൾക്ക് 1750/-രൂപ നിരക്കിൽ 77,000/- രൂപ |
| | | | സ്റ്റേറ്റ് ലിറ്ററസി മിഷൻ | 11-ാം തരം 52വിദ്യാർത്ഥികൾക്ക് 2200/-രൂപ നിരക്കിൽ 1,14,400/- രൂപ |
| 236/22- സാക്ഷരത 11,12 -ാം തരം (സ്പിൽ ഓവർ) | 22101178/ 20.10.21 | 63,800 | സ്റ്റേറ്റ് ലിറ്ററസി മിഷൻ | 11-ാം തരം 29വിദ്യാർത്ഥികൾക്ക് 2200/-രൂപ നിരക്കിൽ 63,800/- രൂപ |

വിദ്യാർത്ഥികളുടെ ലിസ്റ്റ് മാത്രമേ ഫയലിനോടൊപ്പം ലഭ്യമാക്കിയിട്ടുള്ളൂ.പഠിതാക്കൾ ക്ലാസ്സിൽ പങ്കെടുത്തിന്റെ അറ്റൻഡൻസ്, സാക്ഷരതമിഷനിൽ രജിസ്റ്റർ ചെയ്തതിന്റെ സർട്ടിഫിക്കറ്റ്, ഹാൾടിക്കറ്റ് എന്നിവയും ഇവരുടെ അപേക്ഷയും ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കുന്നതുവരെ മേൽ പദ്ധതികൾ പ്രകാരം വിനിയോഗിച്ച 3,34,794/- (79,594+1,91,400+63,800) രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

(ഓഡിറ്റ് എൻക്വയറി 6/30.3.23)

1-21 എസ്.എസ്.എ വിഹിതം -വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് - എസ്.എസ്.എ വിഹിതം നൽകൽ, 58/22
നിർവ്വഹണോദ്യോഗസ്ഥൻ – പ്രിൻസിപ്പൽ, കെ.കെ.ടി.എം ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ

ചെലവ് - 25,00,000/-

ഫണ്ട് -വികസനഫണ്ട് -ജനറൽ

വൗച്ചർ നമ്പർ -22100478/21.6.2021,25,00,000/-
നിർവ്വഹണ ഉദ്യോഗസ്ഥൻ -പ്രിൻസിപ്പാൾ ,ജി.എച്ച്.എസ്.എസ്

തുക നൽകിയത് -ഡിസ്ട്രിക്ട് പ്രോജക്ട് ഓഫീസർ എസ്.എസ്.എ ,തൃശ്ശൂർ

എസ്.എസ്.എ വിഹിതമായി നൽകിയ മേൽതുകയുടെ വിശദമായ (2021-22 കാലയളവിൽ നഗരസഭപരിധിയിലെ സ്കൂളുകളിൽ വിനിയോഗിച്ച തുകയുടെ) വിനിയോഗവിവരം ഓഡിറ്റിന് നൽകുവാൻ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി 7/30.3.23

1-22 സർക്കാർ സ്കൂളുകൾക്ക് ഇന്ററാക്ടീവ് വൈറ്റ് ബോർഡ് സ്ഥാപിക്കൽ-അപാകതകൾ - ചെലവ് തുക 4,86,400/-തടസ്സപ്പെടുത്തുന്നു

പ്രോജക്ട് - സർക്കാർ സ്കൂളുകൾക്ക് ഇന്ററാക്ടീവ് വൈറ്റ് ബോർഡ് സ്ഥാപിക്കൽ, 238/22
നിർവ്വഹണോദ്യോഗസ്ഥൻ – പ്രിൻസിപ്പൽ, കെ..കെ.ടി.എം ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ

ചെലവ് - 4,86,400/-

ഫണ്ട് -വികസനഫണ്ട് -നോൺറോഡ്

വൗച്ചർ നമ്പർ -22102224/16.3.2022,4,86,400/-
നിർവ്വഹണം – പ്രിൻസിപ്പാൾ, ഗവ.ഹയർസെക്കന്ററി സ്കൂൾ

തുക നൽകിയത് -ആർട്ട്കോ ബ്രാഞ്ച് മേനേജർ ഇൻ ചാർജ്ജ്

സർക്കാർ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂമുകൾ ആക്കുന്നതിന്റെ ഭാഗമായി ലാപ്ടോപ്പ്, എൽ.സി.ഡി പ്രോജക്ടർ ഉൾപ്പെടെ ഇന്ററാക്ടീവ് വൈറ്റ് ബോർഡ് സ്ഥാപിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതി പ്രകാരം 10 ഇന്ററാക്ടീവ് വൈറ്റ് ബോർഡ് 48,640/- രൂപ നിരക്കിൽ വിവധ സ്കൂളുകളിൽ ആർട്ട്കോ മുഖേന സ്ഥാപിച്ചു.

ആർട്ട്കോ 11/2/22ൽ നൽകിയ 13/572നമ്പർ ക്വട്ടേഷൻ പ്രകാരമുള്ള സ്പെസിഫിക്കേഷൻ ഇപ്രകാരമാണ്- "Interactive White Board Model:IB82,Diagonal Size,82, Surface Ceramic,operating System Compatibility;windows And Ubuntu ,Touch Including Technology:optical With Dual Camera ,Dual Touch Feature:available On Board Connectivity:USBtype,female Terminal Cable &Addln,extn.cable ,Annotation &Presentation Tools Active Area, Dimensions :1715x1207mm,installation Wall Mounted. ഇത് അനുസരിച്ചാണ്ആർട്ട്കോ പദ്ധതി നിർവ്വഹിച്ചിട്ടുള്ളത്.

പദ്ധതി നർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.ആർട്ട് കോ നൽകിയ സ്പെസ്ഫിക്കേഷൻ പ്രകാരമാണ് പദ്ധതി നിർവ്വഹിച്ചിട്ടുള്ളത്. നഗരസഭ സംസ്ഥാന സ്കൂൾ IT മിഷൻ നിർണ്ണയിച്ച നൽകിയ സ്പെസ്ഫിക്കേഷൻ പ്രകാരം ടെണ്ടർ നടപടികൾ സ്വീകരിച്ചുകാണുന്നില്ല.

2.ആർട്ട്കോയിൽ നിന്ന് ടെണ്ടർ നടപടികൾ കൂടാതെ വാങ്ങാൻ അനുമതി നൽകികൊണ്ടുള്ള സർക്കാർ ഉത്തരവ് നം.G.O (Rt)NO.27/2020/SPD DT.31/12/2020 ഖണ്ഡിക 4ൽ വാങ്ങൽ നടത്തുന്നസമയത്ത് വാങ്ങുന്ന സാധനം അവർ നിർമ്മിച്ചതാണെന്ന സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണെന്നും, പുറമേ നിന്ന് വാങ്ങിയതല്ലയെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. മാത്രമല്ല ഉത്തരവിന് അനുബന്ധമായി നൽകിയിട്ടുള്ള പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത സാധനങ്ങൾ വാങ്ങുമ്പോൾ ക്വട്ടേഷൻ/ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണെന്നും

ആയതിൽ ആർട്ട്കോയ്ക്കു പങ്കെടുക്കാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഫയലിൽ ലഭ്യമാക്കിയ മേൽ ഉത്തരവിനോടൊപ്പമുള്ള പ്രൈസ് ലിസ്റ്റിൽ മേൽ സ്പെസിഫിക്കേഷൻ പ്രകാരമുള്ള പ്രവൃത്തി നടത്തുന്നതിന് ആർട്ടകോയ്ക്ക അനുമതി നൽകി കാണുന്നില്ല. ഈ സാഹചര്യത്തിൽ പദ്ധതി നിർവ്വഹണം ആർട്ട്കോയെ ഏൽപ്പിക്കാനുണ്ടായ കാരണം വ്യക്തമാക്കിയിട്ടില്ല.

3. മേൽ ബില്ലിൽ നിന്നും 2% GST TDS ഈടാക്കി അടവാക്കി കാണുന്നില്ല.

4.പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട പ്രൊക്യൂർമെന്റ് കമ്മറ്റി, നഗരസഭ കൗൺസിൽ തീരുമാനം എന്നിവ ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി 7/30.3.23 മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് കൃത്യമായ മറുപടി ലഭ്യമാക്കുംവരെ ചെലവ് തുകയായ 4,86,400/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-23 ഗവ.ഗേൾസ് ഹയർസെക്കന്ററി സ്കൂളിൽ ലൈബ്രറിയിലേക്ക് ഡിസ്പ്ലേ റാക്ക്, ഷെൽഫ്, പുസ്തകങ്ങൽ ഡിജിറ്റലൈസ് ചെയ്യൽ - തുക മുൻകൂർ നൽകിയെങ്കിലും കെൽട്രോൺ കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ നൽകിയിട്ടില്ല-പദ്ധതി പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല - ചെലവ് തുക 193929/-തടസ്സപ്പെടുത്തുന്നു

പ്രോജക്ട് - ഗവ.ഗേൾസ് ഹയർസെക്കന്ററി സ്കൂളിൽ ലൈബ്രറിയിലേക്ക് ഡിസ്പ്ളേ റാക്ക്, ഷെൽഫ്, പുസ്തകങ്ങൾ ഡിജിറ്റലൈസ് ചെയ്യൽ, 237/22

നിർവ്വഹണ ഉദ്യോഗസ്ഥൻ – പ്രിൻസിപ്പാൾ, കെ.കെ.ടി.എം ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ

ചെലവ് - 1,93,929/-

നിർവ്വഹണം – പ്രിൻസിപ്പാൾ, ഗവ.ഹയർ സെക്കന്ററി സ്കൂൾ

ഫണ്ട് – വികസനഫണ്ട് -നോൺറോഡ്

മേൽ പദ്ധതിയ്ക്കുവേണ്ടി കംപ്യൂട്ടർ, യു.പി.എസ്, പ്രിന്റർ, ഡിസ്പ്ളേ റാക്ക് , ഷെൽഫ് എന്നിവ വാങ്ങുന്നതിനായി ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വൗച്ചർ നമ്പർ /തീയ്യതി | തുക | തുക നൽകിയത് | ടാക്സ് ഇൻവോയിസ് | സപ്ലൈചെയ്യേണ്ട ഇനം | സപ്ലൈചെയ്ത ഇനം |
|---|---|---|---|---|---|
| 22102165/4.3.22 | 50616 | KELTRON | -- | ഡെസ്ക്ടോപ്പ്-INTEL PROCESSOR -HIGH END 10 PROF | ചെയ്തിട്ടില്ല |
| 22102166/4.3.22 | 23305 | KELTRON | 00135/ITP /22-23 /28.APR.22 | UPS-1KVA/800W | ചെയ്തു |
| 22102167/4.3.22 | 20018 | KELTRON | - | PRINTER | ചെയ്തിട്ടില്ല |
| 22102309/ 23.3.22 | 99990 | NOSELY INFORMATION TECHNOLOGIES LTD | NGIT-015/21-22 /18.03.22 | DISPLAYRACK&DIGITISATION EXTERNAL HDD BARCODE READER,INSTALLATION TRAINIG | തുക നൽകിയിട്ടുണ്ട് .ട്രെയിനിങ്ങ് നൽകി പദ്ധതി പൂർത്തീകരിച്ചതായി കാണുന്നില്ല |

1.മേൽ പദ്ധതിയ്ക്കുവേണ്ടി കെൽട്രോണിന് നൽകിയ തുകയിൽ യു.പി.എസ്.മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. ആയത് സ്റ്റോക്കിലെടുത്തിന്റെ സ്റ്റോക്ക് രജിസ്റ്ററും മറ്റുള്ള ഉപകരണങ്ങൾ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ ടാക്സ് ഇൻവോയിസും സ്റ്റോക്ക് എൻട്രിവരുത്തിയും ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.

2.നോസ്ഗേ ഇൻഫർമേഷൻ ടെക്നോളജി ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം സപ്ലൈ ചെയ്ത ഉപകരണങ്ങൾ ഇൻസ്റ്റാൾ ചെയ്ത് ലൈബ്രറി ഡിജിറ്റലൈസ് ചെയ്യുന്ന പ്രവൃത്തി പൂർത്തീകരിച്ച് പൂർത്തീകരണ റിപ്പോർട്ടും പദ്ധതിയുടെ മോണിറ്ററിങ്ങ് റിപ്പോർട്ടും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

മേൽരേഖകൾ ഓഡിറ്റിന് ലഭ്യമാക്കുംവരെ ചെലവ് തുക 1,93,929/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

(ഓഡിറ്റ് എൻക്വയറി 7/30.3.23)

## 1-24 വീടുകൾക്ക് ബയോകമ്പോസ്റ്റർ പോട്ട്സ്, ബയോഗ്യാസ് പ്ലാന്റ് നൽകൽ -പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ

1.പ്രോജക്റ്റ് - വീടുകൾക്ക് ബയോകമ്പോസ്റ്റർ പോട്ട്സ്-പൊതു വിഭാഗം (208/22)

നിർവ്വഹണം -ഹെൽത്ത് സൂപ്പർവൈസർ

അടങ്കൽ -40,23,800

ചെലവ് -40,23,800

നിർവ്വഹണ ഏജൻസി-IRTC പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ യൂണിറ്റ് പാലക്കാടിന്

ഫണ്ട് ഇനം -ധനകാര്യകമ്മീഷൻ ഗ്രാന്റ് - 12,75,545

കേന്ദ്രാവിഷ്കൃതഫണ്ട് (സ്വച്ഛ് ഭാരത് മിഷൻ) -14,08,330

സംസ്ഥാനാവിഷ്കൃതഫണ്ട് (ശുചിത്വ മിഷൻ) -9,37,545

ഗുണഭോക്തൃവിഹിതം -4,02,380

ഫയൽ PH2-13309/21

2596 വീടുകളിലേക്ക് ബയോകമ്പോസ്റ്റർ പോട്ട് വിതരണം ചെയ്യുന്നതിന് നടപ്പാക്കിയ പദ്ധതി. 2020-21ൽ ആരംഭിച്ച് 2022-23ൽ പൂർത്തീകരിച്ചു. ടി പദ്ധതിയുടെ ചെലവിന്റ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം/തീ. | തുക | ഫണ്ട് | ചെലവ് ബുക്ക് ചെയ്തിരിക്കുന്ന അക്കൗണ്ട് ഹെഡ്ഡ് |
|---|---|---|---|---|
| 1 | 22101112/ 30.10.21 | 310000 | കേന്ദ്രാവിഷ്കൃതഫണ്ട്- സ്വച്ഛഭാരത് മിഷൻ | 460500202-Advance To Implimenting Agencies -Specific Grants |
| 2 | 22102280/ 30.3.22 | 402380 | ഗുണഭോക്തൃവിഹിതം | 250401205-impliment Sanitation Programme |
| 3 | 22102256/ 22.3.22 | 1275545 | ധനകാര്യകമ്മീഷൻ അവാർഡ് | 250401205-impliment Sanitation Programme |
| 4 | 22200235/ 23.5.22 | 1098330 | കേന്ദ്രാവിഷ്കൃതഫണ്ട്- സ്വച്ഛഭാരത് മിഷൻ | 230500800-repairs And Maintenance -Treatment Plants |
| 5 | 22200654/ 15.7.22 | 937545 | കേന്ദ്രാവിഷ്കൃതഫണ്ട്- സ്വച്ഛഭാരത് മിഷൻ | 250400901- Encourage The Consumption Of Bio Gas |
| ആകെ | | 40,23,800 | | |

മേൽ പദ്ധതി നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപകങ്ങൾ കാണുന്നു.

1.40,23,800/-രൂപയുടെ കൈപ്പറ്റ് രസീത് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. IRTC യിൽ നിന്നും ലഭിക്കുന്നമുറയ്ക്ക് ഓഡിറ്റിന് ലഭ്യമാക്കാം എന്നാണ് അറിയിച്ചിട്ടുള്ളത്.

2.ഗുണഭോക്തൃവിഹിതം ഈടാക്കി അടവാക്കിയതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല . മറുപടിലഭ്യമാക്കിയിട്ടില്ല.

3.അഡ്വാൻസ് നൽകിയത് ഒഴികെയുള്ള മറ്റ് 4 ചെലവുകളും3 വ്യത്യസ്ത ശീർഷകങ്ങളിലായി ബുക്ക് ചെയ്തിരിക്കുന്നു. ഒരു പദ്ധതിയുടെ ചെലവുകൾ (അഡ്വാൻസ് ഒഴികെ )ഇങ്ങനെ വ്യത്യസ്ത ശീർഷകങ്ങളിലായി

ബുക്ക് ചെയ്യാനുണ്ടായ കാരണമായി മറപടിയിൽ വ്യക്തമാക്കിയിരിക്കുന്നത് വ്യത്യസ്ത ഫണ്ട് ഉപയോഗിച്ച് പദ്ധതി നടപ്പാക്കിയതിനാലാണ് എന്നാണ്. ഒരേ ആവശ്യത്തിലേക്കായി പദ്ധതി നടപ്പാക്കുമ്പോൾ ഇപ്രകാരം വ്യത്യസ്ത ഹെഡ്ഡുകളിൽ ബുക്ക് ചെയ്യുന്നതിനാൽ ഒരേ ഇനത്തിലെ ചെലവിന്റെ വിവരം കൃത്യമായി കണക്കാൻകഴിയാതെ പോകുന്നു. തുക ചെലവഴിക്കുമ്പോൾ അക്കൗണ്ടിങ്ങ് ചട്ടപ്രകാരമുള്ള ഹെഡ്ഡുകളിൽ കൃത്യമായി ചെലവ് രേഖപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

11.പ്രോജക്ട് - ബയോഗ്യാസ് പ്ലാന്റ്-വീടുകൾക്ക് (408/22)

നിർവ്വഹണം -ഹെൽത്ത് സൂപ്പർവൈസർ

അടങ്കൽ -9,45,000/-

ചെലവ് -1,89,000

ഫണ്ട് ഇനം -സ്വച്ഛ്ഭാരത് മിഷൻ

ഫയൽ -PH2/13310/21

നിർവ്വഹണ ഏജൻസി -IRTC പ്രോജക്ട് ഇപ്ലിമെന്റേഷൻ യൂണിറ്റ് പാലക്കാട്

വൗച്ചർ -1.22101110/5.10.21/94,500/-
2.22101111/5.10.21/94,500/-

യൂണിറ്റ് കോസ്റ്റ് -13,500/-

ഗുണഭോക്താക്കളുടെ എണ്ണം-70

ബയോഗ്യാസ് പ്ലാന്റ്-വീടുകൾക്ക് നൽകുന്നതിനായി നിർവ്വഹണ ഏജൻസിയായ IRTC പ്രോജക്ട് ഇപ്ലിമെന്റേഷൻ യൂണിറ്റ് പാലക്കാടിന് മേൽ പ്രകാരം മുൻകൂർ നൽകിയിട്ടുണ്ട്(അടങ്കൽ തുകയായ 9,45,000 രൂപയുടെ 20%). മേൽ തുകയുടെ കൈപ്പറ്റ് രസീത് IRTC യിൽ ലഭ്യമാകുന്നമുറയ്ക്ക ഓഡിറ്റിന് ലഭ്യമാക്കുന്നതാണെന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

3.പ്രോജക്ട് - കളക്ടേഴ്സ് @സ്കൂൾ ബിൻസ്ഥാപിക്കൽ (218/22)

നിർവ്വഹണം -ഹെൽത്ത് സൂപ്പർവൈസർ

അടങ്കൽ -3,17,600/-

ചെലവ് -3,17,600

ഫണ്ട് ഇനം -ധനകാര്യകമ്മീഷൻ അവാർഡ്

ഫയൽ -PH2/10146/21

നിർവ്വഹണ ഏജൻസി -IRTC പ്രോജക്ട് ഇപ്ലിമെന്റേഷൻ യൂണിറ്റ് പാലക്കാട്

വൗച്ചർ -1.22101682/4.1.22/2,38,200/-
2.22102254/22.3.22/79,400/-

നഗരസഭപരിധിയിൽപ്പെട്ട സ്കൂളുകളിൽ വേസ്റ്റ് ബിൻ സ്ഥാപിക്കുന്നതിന് നടപ്പാക്കിയ പദ്ധതി പ്രകാരം നിർവ്വഹണ ഏജൻസി യായIRTC പ്രോജക്ട് ഇപ്ലിമെന്റേഷൻ യൂണിറ്റ് പാലക്കാടിന് 6% വീതം കേന്ദ്രസംസ്ഥാന ചരക്ക് സേവനനികുതി മേൽ വൗച്ചർ തുകകളോടൊപ്പം നൽകിയിട്ടുണ്ട്. തുക നൽകുമ്പോൾ 2% GST TDS ഈടാക്കിയിട്ടില്ല.

4.പ്രോജക്ട് - ക്ലീനിങ്ങ് മെറ്റീരിയൽ വാങ്ങൽ (214/22)

നിർവ്വഹണം -ഹെൽത്ത് സൂപ്പർവൈസർ

അടങ്കൽ -2,09,076/-

ചെലവ് -2,09,076/ -

ഫണ്ട് ഇനം -ധനകാര്യകമ്മീഷൻ അവാർഡ്

ഫയൽ -PH5/10148/21

വൗച്ചർ -1.22101409/20.12.21/1,76,190/-

2.22101422/20.12.21/23,810/-

3.22102131/5.3.22/9,076/-

നഗരസഭയിൽ ശുചീകരണ ആവശ്യത്തിനായി ക്ലീനിംഗ് മെറ്റീരിയൽ സൂര്യ ട്രേഡിങ്ങ് കമ്പനി, റെയ്ഡ്കോ കേരള എന്നീ സ്ഥാപനങ്ങൾ സപ്ലൈചെയ്തിട്ടുണ്ട് . ഇവർ തുക കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രസീത് ഇവരിൽ നിന്നും ലഭിക്കുന്നമുറയ്ക്ക് ഓഡിറ്റിന് ലഭ്യമാക്കുന്നതാണെന്ന് മറുപടിയിൽ അറിയിച്ചിട്ടുള്ളത്.
(ഓഡിറ്റ് എൻക്വയറി 8/30.3.23)

## 1-25 മരാമത്ത് പദ്ധതിപ്രവർത്തനം

സാമ്പത്തികവർഷം 286 പ്രൊജക്റ്റുകൾ ആവിഷ്കരിച്ചതിൽ 223 പ്രൊജക്റ്റുകൾക്ക് വേണ്ടി തുക ചെലവഴിക്കാൻ കഴിഞ്ഞു ( 77.97% ). മൊത്തം 17,02,09,146/രൂപയുടെ അടങ്കൽ ആവിഷ്കരിച്ചതിൽ 11,66,21,434/രൂപയാണ് ചെലവഴിച്ചിട്ടുള്ളത് ( 68.52% ).
കോവിഡ് സാഹചര്യത്തിലും കൂടുതൽ പ്രൊജക്റ്റുകൾക്കുവേണ്ടി തുക ചെലവഴിക്കാൻ കഴിഞ്ഞത് ശ്രദ്ധേയമാണ്. അതേസമയം ഓരോ പ്രൊജക്റ്റിനുവേണ്ടിയും പരമാവധി തുക ചെലവഴിക്കുവാൻ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതുമാണ്.

## 1-26 കരാറുകൾ ചമക്കുന്നതിൽ ആധികാരികത പുലർത്തുന്നില്ല

നഗരസഭയിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ചമച്ചിട്ടുള്ള കരാറുകൾ 2012 ലെ പി.ഡബ്ളിയു.ഡി. മാനുവൽ പ്രകാരമുള്ള നിബന്ധനകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതല്ല, മറിച്ച് കാലഹരണപ്പെട്ട കേരളാ ഡിറ്റയിൽഡ് സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ളതാണ്.
2012 ലെ പി. ഡബ്ളിയു. ഡി. മാന്വൽ എല്ലാ ത. സ്വ. ഭ. വ സ്ഥാപനങ്ങൾക്കും ബാധകമാക്കിയിട്ടുള്ളതിനാൽ ആയതിലെ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് കരാറുകൾ ആധികാരികമായി ചമക്കുവാൻ എത്രയും വേഗം നടപടികൾ കൈകൊള്ളേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നമ്പർ 11/31/3/23 ) .

## 1-27 മരാമത്ത് പ്രവൃത്തികൾ -സാധനസാമഗ്രികളുടെ ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടില്ല - അപാകതകൾ

2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2214 വകുപ്പ് , 10/9/15 ലെ GO(Rt)1339/15/PWD ഉത്തരവുപ്രകാരമുള്ള ക്വാളിറ്റി കൺട്രോൾ മാന്വൽ, 10/9/15 ലെ സർക്കുലർ നം.10434/C3/14/PWD എന്നിവകളിലെ നിബന്ധനകൾ പ്രകാരം പതിനഞ്ച് ലക്ഷത്തിന് മേൽ അടങ്കലുള്ള പ്രവൃത്തികളുടെ കാര്യത്തിൽ ഏതെല്ലാം അവസരങ്ങളിൽ ബിൽ സമർപ്പിച്ചാലും ഉപയോഗിക്കുന്ന സാമഗ്രികളുടെ ഫസ്റ്റ് ടയർ ക്വാളിറ്റി കൺട്രോൾടെസ്റ്റിങ് സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണെങ്കിലും നഗരസഭാസെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രവൃത്തിയുടെ കാര്യത്തിൽ കരാറുകാരൻ ആയത് സമർപ്പിച്ചിട്ടില്ല. ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ട അപാകതകൾ (4/4/23 സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടതടക്കം) ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

1.

| | |
|---|---|
| പ്രൊജക്റ്റ് നം | 324/22 |
| പ്രവൃത്തി | നാരായണമംഗലത്ത് മെറ്റീരിയൽ റിസോഴ്സ് സെന്റർ സ്ഥാപിക്കൽ |
| അടങ്കൽ, ഫണ്ട് | 630000/ കേന്ദ്രാവിഷ്കൃതഫണ്ട്<br>419400/സംസ്ഥാനാവിഷ്കൃതഫണ്ട്<br>750600/ സി. എഫ്. സി. ഗ്രാന്റ്<br>ആകെ 1800000/ |
| സാ. അനുമതി | LSGD/TS/202 |
| കരാറുകാരൻ | അസാവാൻ. കെ. എ |

| | |
|---|---|
| കരാർ | 12/21-22/12/11/21 |
| അളവുപുസ്തകം | 126/21-22, 142/21-22 |
| ബിൽ സാങ്ഷൻ നം, തുക/ ചെക്ക് നമ്പർ, തുക | 526/16/3/22, 750600/<br>527/16/3/22, 34022/<br>573/23/3/22, 492451/ |

2.

| | |
|---|---|
| പ്രൊജക്റ്റ് നം | 267/22 |
| പ്രവൃത്തി | സ്വച്ച് ഭാരത് മിഷൻ- 20 സീറ്റുകളുള്ള ടോയ്ലറ്റുകളുടെ നിർമാണം (ശ്രീകുരുംബക്ഷേത്രപരിസരം) |
| അടങ്കൽ, ഫണ്ട് | 682086/<br>511234/<br>1366080/ |
| സാ. അനുമതി | LSGD/TS/2019-20/121645/23/1/20 |
| കരാറുകാരൻ | കെ. പി. അങ്കുഷ് |
| കരാർ | 130/19-20/24/3/20 |
| അളവുപുസ്തകം | 65/21-22, 101/21-22 |
| ബിൽ സാങ്ഷൻ നം, തുക/ ചെക്ക് നമ്പർ, തുക | 441/11/2/22, 1005977/<br>632/27/3/22, 499305/<br>145/6/3/22, 187443/<br>146/6/3/22, 806647/ |

3.

| | |
|---|---|
| പ്രൊജക്റ്റ് നം | 436/22 |
| പ്രവൃത്തി | നഗരസഭാ ലൈബ്രറി ആധുനികവൽകരണം |
| അടങ്കൽ | 2000000/. സി. എഫ്. സി. ഗ്രാന്റ് |
| കരാറുകാർ | ആർട്ട് കോ |
| കരാർ | 2/21-22/12/10/21 |
| അളവുപുസ്തകം | ഇല്ല |
| ബിൽ സാങ്ഷൻ നം, തുക/ ചെക്ക് നമ്പർ, തുക | 607/25/3/22, 1993585/ രൂപ |

കരാറിൽ ഗ്യാരണ്ടി കാലയളവ് രേഖപ്പെടുത്തിയിട്ടില്ല. പൊളിച്ചുമാറ്റിയ പഴയ ലൈബ്രറികെട്ടിടത്തിലെ ഫർണീച്ചറുകളുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് .

4.

| | |
|---|---|
| പ്രൊജക്റ്റ് നം | 213/22 |
| പ്രവൃത്തി | ശ്രീകാളീശ്വരി തിയേറ്ററിന് സമീപം കാന നിർമാണം |
| അടങ്കൽ, ഫണ്ട് | 2600000/ സി. എഫ്. സി. ഗ്രാന്റ് |
| സാ. അനുമതി | LSGD/TS/2021-22/41057 |

| | |
|---|---|
| | /28/6/21 |
| കരാറുകാരൻ | എം. എസ്. നാസർ |
| കരാർ | 1/21-22/9/8/21 |
| അളവുപുസ്തകം | 199/20-21, 59/21-22 |
| ബിൽ സാങ്ഷൻ നം, തുക/ ചെക്ക് നമ്പർ, തുക | 299/6/1/22, 1308403/<br>391/22/1/22, 864414 |

5.

| | |
|---|---|
| പ്രൊജക്റ്റ് നം | 529/22 |
| പ്രവൃത്തി | ഫയർ സ്റ്റേഷന് സമീപം കാന നിർമാണം |
| അടങ്കൽ, ഫണ്ട് | 5468478/ സി. എഫ്. സി ഗ്രന്റ് |
| സാ. അനുമതി | LSGD/TS/2021-22/10178 /7/2/22 |
| കരാറുകാരൻ | സി. ആർ. രാഹുൽ |
| കരാർ | 150/21-22/22/2/22 |
| അളവുപുസ്തകം | 139/21-22, 151/21-22, 162/21-22 |
| ബിൽ സാങ്ഷൻ നം, തുക/ ചെക്ക് നമ്പർ, തുക | 621/26/3/22, 1144756/<br>537/17/8/22, 814900/<br>704/30/3/22, 490496/ |

6.

| | |
|---|---|
| പ്രൊജക്റ്റ് നം | 473/22 |
| പ്രവൃത്തി | ശ്രീകുരുംബ ക്ഷേത്രപരിസരത്ത് 20 യൂണിറ്റിന്റെ എയറോബ്രിക് കമ്പോസ്റ്റ് പ്ലാന്റ് സ്ഥാപിക്കൽ |
| അടങ്കൽ, ഫണ്ട് | 630000/ കേന്ദ്രാവിഷ്കൃതഫണ്ട്<br>419400/ സംസ്ഥാനാവിഷ്കൃതഫണ്ട്<br>687554/ സി. എഫ് . സി. ഗ്രാന്റ്<br>ആകെ 1736954/ |
| കരാറുകാരൻ | ബൈജു. വി. എസ്. |
| കരാർ | 146/20-21/22/2/21 |
| അളവുപുസ്തകം | 16/21-22, 267/19-20 |
| ബിൽ സാങ്ഷൻ നം, തുക/ ചെക്ക് നമ്പർ, തുക | 279/3/1/22, 630000/<br>282/4/1/22, 679998/ |

7.

| | |
|---|---|
| പ്രൊജക്റ്റ് നം | 476/22, 126/23 |
| പ്രവൃത്തി | T.K.S. പുരത്ത് വിൻഡ്രോ |

| | |
|---|---|
| | കമ്പോസ്റ്റ് പ്ലാന്റ് സ്ഥാപിക്കൽ |
| അടങ്കൽ, ഫണ്ട് | 1687447/<br>1416323/<br>942867/. |
| സാ. അനുമതി | LSGD/TS/2020-21/17/12/20 |
| കരാറുകാരൻ | K.A റിഷാൻ |
| കരാർ | 139/20-21/12/2/21 |
| അളവുപുസ്തകം | 195/20-21, 148/21-22, 168/21-22 |
| ബിൽ സാങ്ഷൻ നം, തുക/ ചെക്ക് നമ്പർ, തുക | 435/9/2/22,<br>393172/<br>696/27/3/22, 799235/<br>30/30/4/22, 1294275/<br>287/22/12/22, 1245718/ |

മേൽ സൂചിപ്പിച്ച പ്രവൃത്തികളിൽ സാധനസാമഗ്രികളുടെ ഗുണനിലവാരം ഉറപ്പുവരുത്താത്തതിന്റെ കാരണം വിശദമാക്കേണ്ടതാണ്. ഇത്തരത്തിലുള്ള അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധ പുലർത്തേണ്ടതുമാണ്( ഓഡിറ്റ് എൻക്വയറി നമ്പർ 11/31.3.23 ).

1-28 വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ വിപുലീകരണം- അപാകതകൾ

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള മേൽ പ്രൊജക്റ്റ് സംബന്ധിച്ച പൊതുവിരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം | 647/21,373/22 |
| അടങ്കൽ, ഫണ്ട് | 9500000/ അർബൻ ആഗ്ളോമെറേഷൻ ഫണ്ട് |
| നി. ഏജൻസി | കേരള വാട്ടർ അതോറിറ്റി |
| ബിൽ സാങ്ഷൻ നമ്പർ, തുക | 306/11/1/22, 9500000/ |
| വൗച്ചർ നമ്പർ | 91/1-22/14/1/22 |

അപാകതകൾ

1. നിർവഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിന്റെ രേഖകൾ ഫയലിലില്ല. 19/1/22 PW1-19181/20 മ്പർ കത്ത് പ്രകാരം ഫണ്ട് ട്രാൻസ്ഫർ ചെയ്തതായി നിർവഹണ ഏജൻസിയെ അറിയിച്ചതിൽ പ്രവൃത്തി തുടങ്ങുന്നതിന് മുമ്പേ കരാറിൽ ഏർപ്പെടണമെന്ന് നിർദേശിച്ചിരുന്നു. കരാറിൽ ഏർപ്പെടുന്നതിന് മുമ്പ് ഫണ്ട് കൈമാറിയത് ശരിയായ നടപടിയല്ല.

കേരള നിയമസഭയുടെ 16/9/21 ന് ചേർന്ന ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ( 2021-23 ) യോഗത്തിലെ ചർച്ചയുടെ അടിസ്ഥാനത്തിൽ ജലവിഭവ (ജലവിതരണ ) വകുപ്പ് അഡി. ചീഫ് സെക്രട്ടറിയുടെ 23/9/21 ലെ WS-C/83/21/ ജ.വി. വ. നമ്പർ കത്ത് പ്രകാരം കേരള വാട്ടർ അതോറിറ്റിയോട് വരും കാലങ്ങളിൽ ഡെപ്പോസിറ്റ് വർക്കുകൾ ഏറ്റെടുക്കുമ്പോൾ കൃത്യമായ എഗ്രിമെന്റ് വെച്ച് സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കുവാൻ നിർദേശിച്ചിട്ടുള്ളതാണ്. മാത്രമല്ല ഇത് സംബന്ധിച്ച സാധ്യതയും ജലലഭ്യതയും വ്യക്തമായി പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷമേ പണം സ്വീകരിക്കാവൂ എന്നും നിർദേശിച്ചിരുന്നു. ഇതനുസരിച്ച്

ഇരിങ്ങാലക്കുട പി. എച്ച്. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ നഗരസഭ സെക്രട്ടറിക്ക് അയച്ച 10/1/21 ലെ A2-2967/21 നമ്പർ കത്തിലെ ഒന്നാം ഖണ്ഡികയിൽ കരാറിൽ ഏർപ്പെടാനും മൂന്നാം ഖണ്ഡികയിൽ സാധ്യതയും ജലലഭ്യതയും ഉറപ്പുവരുത്തുവാനും നിർദേശിച്ചിരുന്നു. എന്നാൽ ഇപ്രകാരം ഉറപ്പുവരുത്തിയതിന്റെ രേഖകൾ ഫയലിലില്ല.

2. പൈപ്പുകൾ സ്ഥാപിക്കേണ്ടത് ഏതെല്ലാം സ്ഥലങ്ങളിലാണ് എന്നതു സംബന്ധിച്ച പൂർണവിവരങ്ങൾ തുക കൈമാറുമ്പോൾ നഗരസഭ കേരള വാട്ടർ അതോറിറ്റിക്ക് കൈമാറിയിരുന്നില്ല. കേരള വാട്ടർ അതോറിറ്റി കൊടുങ്ങല്ലൂർ പി. എച്ച് സെക്ഷൻ അസിസ്റ്റന്റ് എൻജിനീയറുടെ KS/KD/GEN/89/22/5/11/22 നമ്പർ കത്തിൽ സൂചിപ്പിച്ചിട്ടുള്ളത് നഗരസഭ ലഭ്യമാക്കിയ ലിസ്റ്റ് പ്രകാരമുള്ള സ്ഥലങ്ങളിലെല്ലാം പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ടെന്നും ഇനിയും 3000 മീറ്റർ കൂടി പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടതായിട്ടുണ്ടെന്നുമാണ്. 15/12/21 ന് വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എൻഞ്ചിനീയർ നഗരസഭാസെക്രട്ടറിക്ക് നൽകിയ കത്തിൽ മൊത്തം 3375 മീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ചതായും ബാക്കി 3000 മീറ്റർ കൂടി ഉണ്ടെന്നും അറിയിച്ചു. ഇതേതുടർന്ന് നഗരസഭാ സെക്രട്ടറി കൊടുങ്ങല്ലൂർ പി. എച്ച്. ഡിവിഷൻ ( യഥാർഥത്തിൽ പി. എച്ച്. സെക്ഷൻ ആണ് ) അസിസ്റ്റന്റ് എഞ്ചിനീയർക്ക് അയച്ച കത്തിൽ പ്രവൃത്തിയുടെ വാർഡ് തല വിശദാംശങ്ങൾ ലഭ്യമായിട്ടുണ്ടെന്നറിയിച്ചിട്ടുണ്ട്. ഇനിയും പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് 22/11/22 ന് രാവിലെ 11 മണിക്ക് ചെയർപേഴ്സന്റെ ചേമ്പറിൽ നടക്കുന്ന യോഗത്തിൽ പങ്കെടുക്കാൻ താല്പര്യപ്പെടുന്നതായും അറിയിച്ചിട്ടുണ്ട്. എന്നാൽ ഏതെല്ലാം സ്ഥലങ്ങളിൽ തുടർന്ന് പൈപ്പ് ലൈനുകൾ സ്ഥാപിക്കണം എന്നതു സംബന്ധിച്ച വിവരങ്ങൾ വാട്ടർ അതോറിറ്റിക്ക് കൈമാറിയതിന്റെ വിശദാംങ്ങൾ ഫയലിലില്ല.

3. കേരള വാട്ടർ അതോറിറ്റി ലഭ്യാക്കിയ 95,00,000/ രൂപയുടെ എസ്റ്റിമേറ്റിൽ പൊതുമരാമത്ത് വകുപ്പിലും തദ്ദേശ സ്വയംഭരണ വകുപ്പ് സ്ഥാപനത്തിലും ചതുരശ്ര മീറ്ററിന് 657/രൂപ പ്രകാരം അടക്കുവാനുള്ള 23,87,202.93/- രൂപയുടെ റോഡ് റിസ്റ്റൊറേഷൻ ചാർജ് കൂടി ഉൾപെട്ടിരുന്നു. വാട്ടർ അതോറിറ്റി ഈ തുക പൊതുമരാമത്ത് വകുപ്പിലോ നഗരസഭയിലോ അടവാക്കിയതിന്റെയോ, ഏതെല്ലാം നഗരസഭാ റോഡുകൾ, പൊതുമരാമത്ത് വകുപ്പ് റോഡുകൾ ഈ പ്രവൃത്തി പ്രകാരം പൊളിക്കുന്നുണ്ട്, ആയതിന് വേണ്ടിവരുന്ന റിസ്റ്റോറേഷൻ ചാർജ് എത്രയെന്ന് നഗരസഭാ എൻജിനീയറിങ് വിഭാഗം തയ്യാറാക്കിയതിന്റെ വിവരങ്ങൾ ഫയലിലില്ല. വാട്ടർ അതോറിറ്റി ആവശ്യപ്പെട്ടത് പ്രകാരമുള്ള തുക അടവാക്കിയതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമ്പോൾ അടങ്കലിൽ രേഖപ്പെടുത്തിയതിനേക്കാൾ കുറവ് തുക അടവാക്കുന്നപക്ഷം അവർക്ക് കൂടുതൽ നൽകിയ തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2214 വകുപ്പ് ,10/9/15 ലെ GO(Rt)1339/15/PWD ഉത്തരവുപ്രകാരമുള്ള ക്വാളിറ്റി കൺട്രോൾ മാന്വൽ, 10/9/15 ലെ സർക്കുലർ നം.10434/C3/14/PWD എന്നിവകളിലെ നിബന്ധനകൾ പ്രകാരം പതിനഞ്ച് ലക്ഷത്തിന് മേൽ അടങ്കലുള്ള പ്രവൃത്തികളുടെ കാര്യത്തിൽ ഏതെല്ലാം അവസരങ്ങളിൽ ബിൽ സമർപ്പിച്ചാലും ഉപയോഗിക്കുന്ന സാമഗ്രികളുടെ ഫസ്റ്റ് ടയർ ക്വാളിറ്റി കൺട്രോൾടെസ്റ്റിങ് സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണെന്നതിനാൽ കേരള വാട്ടർ അതോറിറ്റി ചുമതലപ്പെടുത്തിയ കരാറുകാരൻ ആയതു പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിനായി ബന്ധപ്പെട്ട രേഖകൾ കേരള വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെടേണ്ടതാണ്.

പദ്ധതിയുടെ നിലവിലെ സ്ഥിതി എന്തെന്ന് അറിയിക്കേണ്ടതും പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് വിനിയോഗവിവരങ്ങൾ അന്തിമബിൽ സഹിതം വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്( ഓഡിറ്റ് എൻക്വയറി നമ്പർ 13/31.3.23 ) .

## 1-29 ശ്രീകാളീശ്വരി തീയ്യേറ്ററിന് സമീപം കാനനിർമാണത്തിന് ലഭിച്ച മണ്ണ് ഫില്ലിങിന് വേണ്ടി ഉപയോഗിച്ചത് അപാകതകൾ

26 ലക്ഷം രൂപ സി. എഫ്. സി. ഗ്രാന്റ് വകയിരുത്തിയ പ്രസ്തുത പ്രവൃത്തിയുടെ ഭാഗമായി ഇനം 1 എന്ന എർത്ത് വർക്ക് എക്സ്കവേഷൻ ചെയ്തത് പ്രകാരം 247.13 ഘനമീറ്റർ മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്( അളവുപുസ്തകം 59/21-22, 199/20-21 ). നഗരസഭാ ഓവർസിയർ തയ്യാറാക്കിയ ഇതിന്റെ സർവെ റിപ്പോർട്ട് പ്രകാരം കുഴിച്ചെടുത്തത് റെഡ് എർത്താണ്. ആയത് അസി. എൻജിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതാണ്. സർവെ റിപ്പോർട്ട് പ്രകാരം ഇതിന്റെ അളവ് 246.78 ഘനമീറ്ററും അസസ്ഡ് ക്വാണ്ടിറ്റി 22.10 ഘനമീറ്ററുമാണ്. 230.109 രൂപ പ്രകാരം ഇതിന്റെ ബുക്ക് വാല്യൂ 56786.30 രൂപയും അസസ്ഡ് വാല്യൂ 51107.67 രൂപയുമാണ്.

ഇപ്രകാരം കുഴിച്ചെടുത്ത മണ്ണ് കാനനിർമാണപ്രവൃത്തിക്ക് ആവശ്യമില്ല എന്നും ഫില്ലിങ് പ്രവൃത്തിക്കോ അല്ലാത്തപക്ഷം ലേലം നടത്തി നീക്കം ചെയ്യണമെന്നും ഓവർസിയർ രേഖപ്പെടുത്തിയിരുന്നു ( പരിശോധനാതിയ്യതി 15/12/21 ). ഇതേതുടർന്ന് നഗരസഭാകൗൺസിലിന്റെ 24(1)/23/12/21 നമ്പർ തീരുമാനപ്രകാരം പ്രസ്തുത മണ്ണ് നഗരസഭയുടെ വിൻഡ്രോ കമ്പോസ്റ്റ് പ്ലാന്റിനടുത്തുള്ള സ്പോർട്സ് കോംപ്ളക്സ് ഗ്രൗണ്ടിൽ ഫില്ലിങ് നടത്തുന്നതിന് നിശ്ചയിച്ചു.

തുടർന്ന് ഡിപ്പാർട്മെന്റലായി പ്രവൃത്തി ചെയ്യുന്നതിനായി PW1-8866/21 നമ്പർ ഫയൽ PW1 സെക്ഷനിലേക്ക് കൈമാറി. വൗച്ചർ നമ്പർ 110/3-12/24/3/22,ചെക്ക് നമ്പർ 70082/24/.3/22 പ്രകാരം 1,49,870/ രൂപ ചെലവ് വന്ന ഈ പ്രവൃത്തി സംബന്ധിച്ച ഫയൽ പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. പ്രവൃത്തി ചെയ്യുന്നതിന് വേണ്ടി ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല.

2. മണ്ണ് ഫിൽ ചെയ്യുന്ന പ്രവൃത്തി സംബന്ധിച്ച് നടപടികൾ സ്വീകരിക്കുവാൻ 8/2/22 നാണ് PW1 സെക്ഷനെ ചുമതലപ്പെടുത്തിയതെങ്കിലും മൂന്ന് ഡ്രൈവർമാർ നൽകിയ 24000/ രൂപയുടെ ബിൽ 22/1/22 ലേതാണ്. അതായത് പ്രവൃത്തി ചെയ്യാൻ ചുമതലപ്പെടുത്തുന്നതിന് മുമ്പേ തന്നെ മണ്ണ് നീക്കം ചെയ്തു എന്നത് വ്യക്തമാണ്.

3. 246.78 ഘനമീറ്റർ മണ്ണ് നീക്കം ചെയ്യാൻ 1,49,870/ രൂപ വേണ്ടി വന്നപ്പോൾ ഒരു ഘനമീറ്ററിനായി ചെലവിട്ടത് 607.30 രൂപ എന്ന് കാണാവുന്നതാണ്. പ്രൈസ് സോഫ്റ്റ്വെയറിൽ തയ്യാറാകുന്ന 50.2.25.1 നമ്പർ സ്പെസിഫിക്കേഷൻ കോഡ് അനുസരിച്ച് ( DAR ) കരാറുകാരന്റെ സ്വന്തം മണ്ണ് ഉപയോഗിച്ചുള്ള ഫില്ലിങിന് ഒരു ഘനമീറ്ററിന് 523.83 രൂപ മാത്രമേ വരികയുള്ളു. ഇപ്രകാരം ചെയ്യുകയാണെങ്കിൽ 1,29,271/ രൂപ മാത്രമേ വരികയുള്ളു എന്നതിനാൽ 20,599/ രൂപയുടെ അധികച്ചെലവുണ്ടായി. മണ്ണ് ലേലം ചെയ്യാത്തതുമൂലം അതിന്റെ അസസ്ഡ് വാല്യൂ ആയ 51,108/ രൂപയുടെ നഷ്ടമുണ്ടായി എന്ന് വിവരിച്ചുകൊണ്ടുള്ള 40/5.4.22 നമ്പർ അസിസ്റ്റന്റ് എൻജിനീയർക്കുള്ള ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ സൂചിപ്പിച്ചത് കാന കുഴിച്ചപ്പോൾ ലഭിച്ച മണ്ണ് ചെളി കലർന്നതിനാൽ ആയത് സ്പോർട്സ് കോംപ്ലക്സ് ഗ്രൗണ്ടിൽ നിരത്തുന്നതിന് മുമ്പായി അവിടെ കുഴിയെടുത്ത് ചെളി കലർന്ന മണ്ണ് നിക്ഷേപിച്ച ശേഷം ഗ്രൗണ്ടിലെ കുഴിയിൽനിന്നും ലഭിച്ച പൂഴിമണ്ണ് ആദ്യം ഫിൽചെയ്ത മണ്ണിന് മേൽ പൂഴി മണ്ണ് നിക്ഷേപിച്ചതു മൂലമാണ് കൂടുതൽ ചെലവ് വന്നതെന്നാണ്. സർവെ റിപ്പോർട്ട് പ്രകാരം ലഭിച്ചത് ചുവന്ന മണ്ണ് ആകയാൽ ടി മണ്ണ് കളിസ്ഥലത്ത് കുഴിയെടുത്ത ശേഷം നിക്ഷേപിക്കേണ്ടതായ യാതൊരു ആവശ്യവുമില്ല, മറിച്ച് ചുവന്ന മണ്ണ് കളിസ്ഥലത്ത് നിക്ഷേപിക്കുന്നത് കളിക്കുവാൻ അനുയോജ്യമായ സാഹചര്യം ഉണ്ടാക്കുമായിരുന്നു.

സന്ദർഭോചിതമല്ലാത്ത നടപടികൾ സ്വീകരിച്ചതുമൂലം മണ്ണ് ഫിൽ ചെയ്ത പ്രവൃത്തിയിൽ 20,599/ രൂപയുടെ നഷ്ടം സംഭവിച്ചു എന്നു മാത്രമല്ല, ലേലമിനത്തിൽ അസസ്ഡ് വാല്യൂ ഇനത്തിൽ ലഭിക്കേണ്ടതായ 51,108/ രൂപയുടെ നഷ്ടം കൂടി സംഭവിച്ചു.

നഗരസഭാഫണ്ടിന് നഷ്ടമുണ്ടാക്കുന്ന തരത്തിൽ നടപടികളെടുക്കാതിരിക്കാൻ ഭാവിയിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-30 വരുമാന നികുതി ഈടാക്കിയിട്ടില്ല

താഴെ സൂചിപ്പിക്കുന്ന പ്രവൃത്തികളിൽ വരുമാനനികുതി ഈടാക്കിയിട്ടില്ല.

1. നഗരസഭാ ആസ്തികളുടെ ജി. ഐ. എസ് മാപ്പിങ്

പ്രൊജക്റ്റ് സംബന്ധിച്ച പൊതുവിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം | 225/22, 292/23 |
| അടങ്കൽ, ഫണ്ട് | 3400000/ സി. എഫ്. സി. ഗ്രാന്റ് |
| നിർവഹണ ഏജൻസി- അക്രഡിറ്റഡ് | ഗ്രാമീണ പഠനകേന്ദ്രം, കരകുളം. |

പദ്ധതിനിർവഹണവുമായി ബന്ധപ്പെട്ട് ജി. എസ്. റ്റി. ഉൾപെടെ താഴെ സൂചിപ്പിക്കും പ്രകാരം ചെലവ് വന്നിട്ടുണ്ട്.

| ബിൽ സാങ്ഷൻ നം | തുക | കുറിപ്പ് |
|---|---|---|

| | | |
|---|---|---|
| 478/21/2/262 | 1003048/ | ഒന്നാം ഗഡു |
| 628/23/3/22 | 1339398/ | രണ്ടാം ,, |
| 159/11/8/22 | 972957/ | മൂന്നാം ,, |

പ്രവൃത്തി മൂല്യം സംബന്ധിച്ച വിവരം താഴെ കൊടുക്കുന്നു.

| പ്രവൃത്തി മൂല്യം | ഗഡു |
|---|---|
| 850040.68 | ഒന്ന് |
| 1133388.14 | രണ്ട് |
| 824539.46 | മൂന്ന് |
| ആകെ- 2807968.28 രൂപ | |

വരുമാനനികുതി നിയമം 194 സി അനുസരിച്ച് നിർവഹണ ഏജൻസിയിൽ നിന്നും 2% വരുമാനനികുതിയായി 56159/ രൂപ ഈടാക്കണമായിരുന്നുവെങ്കിലും ആയത് ചെയ്യുകയുണ്ടായിട്ടില്ല.

മേൽ സൂചിപ്പിച്ച തുക നിർവഹണ ഏജൻസിയിൽനിന്നും ഈടാക്കി വവിരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് ( ഓഡിറ്റ് എൻക്വയറി നം. 11 /31/3/23, ) .

2. നഗരസഭാലൈബ്രറി ആധുനികവൽകരണം

പ്രൊജക്റ്റ് സംബന്ധിച്ച പൊതുവിവരം താഴെ കൊടുക്കുന്നു.

2.

| | |
|---|---|
| പ്രൊജക്റ്റ് നം | 436/22 |
| പ്രവൃത്തി | നഗരസഭാ ലൈബ്രറി ആധുനികവൽകരണം |
| അടങ്കൽ | 2000000/. സി. എഫ്. സി. ഗ്രാന്റ് |
| കരാറുകാർ | ആർട്ട് കോ |
| കരാർ | 2/21-22/12/10/21 |
| അളവുപുസ്തകം | ഇല്ല |
| ബിൽ സാങ്ഷൻ നം, തുക/ ചെക്ക് നമ്പർ, തുക | 607/25/3/22, 1993585/ രൂപ |

മേൽ സൂചിപ്പിച്ച പ്രവൃത്തിയുടെ മൂല്യമായ 1689479/ രൂപയുടെ 2% തുകയായ 33790/ രൂപ വരുമാനനികുതി ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

മേൽ കാര്യങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ വരുമാനനികുതി ബന്ധപ്പെട്ടവരിൽനിന്നും ഈടാക്കി വിവരമറിയിക്കുമെന്ന് സൂചിപ്പിച്ചിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നമ്പർ 33/ 4.04.23)

## 1-31 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

അസിസ്റ്റന്റ് എൻജിനീയർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ 468/22 നമ്പർ പ്രൊജക്റ്റ് ആയ വൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ എന്ന പദ്ധതിയുടെ ഭാഗമായി താഴെ സൂചിപ്പിക്കും വിധം ചെലവു വന്നിട്ടുണ്ട്.

| ബിൽ സാങ്ഷൻ നമ്പർ | തുക |
|---|---|
| 270/30/12/21 | 95,747/ |
| 277/1/1/22 | 12,748/ |
| ആകെ | 1,08,495/ |

മേൽ സൂചിപ്പിച്ച തുകയിൽ കൊടുങ്ങല്ലൂർ കെ. എസ്. ഇ. ബി. സെക്ഷൻ ll അസി. എൻജിനീയർക്ക് നൽകിയതിന്റെ വിനയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ കൊടുങ്ങല്ലൂർ കെ. എസ്. ഇ. ബി. സെക്ഷൻ 1 അസി. എൻജിനീയർക്ക് നൽകിയ 79,082/ രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ 42/5.4.22 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ആയത് ലഭ്യമാക്കി ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്.

## 1-32 കന്നുകുട്ടി പരിപാലന പദ്ധതി

പദ്ധതി നം. 47/2022

നിർവ്വഹണ ഉദ്യോഗസ്ഥൻ -വെറ്ററിനറി സർജൻ

അടങ്കൽ- 5,50,000/-

ചെലവ് -5,50,000/-

(ബിൽ നം. 18/28.12.2021)

2021-22 സാമ്പത്തിക വർഷത്തിൽ നടപ്പലാക്കിയ മേൽ പദ്ധതിയിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ അതത് തിയ്യതികൾക്ക്ശേഷം കാലിത്തീറ്റ വാങ്ങിയതായി നാൾ വഴി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും മനസ്സിലാകുന്നു.

| ക്രമ നം | പേര് | തിയ്യതിക്ക് ശേഷം കാലിത്തീറ്റ വാങ്ങിയിട്ടില്ല |
|---|---|---|
| 1 | ഷീജ, ചെമ്പനേഴത്ത് | 25.11.2.22 |
| 2 | ഓമന, കാതികുളത്ത് | 25.8.2.22 |
| 3 | സ്മിത രാജശേഖരൻ | 25.12.2022 |
| 4 | ഇന്ദിര, തനയത്ത് | 25.12.2022 |
| 5 | ചന്ദ്രമതി, കോതയിൽ | 25.12.2022 |
| 6 | ശ്രീദേവി, നങ്ങുരു | 25.1.2023 |
| 7 | ഷീബ, കളപുരയ്ക്കൽ | 28.2.2022 |
| 8 | ബിന്ദു, തമ്പാട്ടി | 25.7.2022 |
| 9 | രൂപരേഖ, കോതയിൽ | 25.12.2022 |
| 10 | കല, കോയപറമ്പത്ത് | 25.7.2022 |
| 11 | പങ്കജം, വെല്ലശ്ശേരി | 25.12.2022 |
| 12 | ശ്രീലത, ലൂയീസ് | 28.6.2022 |
| 13 | സരിഗ ഷാജി | 6.2022 |
| 14 | സജിത സതീശൻ | 7.2022 |
| 15 | വത്സ ഉണ്ണികൃഷ്ണൻ | 19.8.2022 |

ഇവർ പദ്ധതിയിൽ തുടരാത്ത കാലയളവിലെ വിഹിതം പദ്ധതി തീരുന്ന മുറയ്ക്ക് തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-33 നഗരസഭയുടെ വസ്തുവകകൾ നാഷണൽ ഹൈവേ അതോറിറ്റി ഏറ്റെടുക്കുന്നത്- നഷ്ടപരിഹാരത്തുക നേടിയെടുക്കുന്നതിൽ ക്രിയാത്മക നടപടി സ്വീകരിക്കേണ്ടതാണ്

നാഷണൽ ഹൈവേ വികസനവുമായി ബന്ധപ്പെട്ട് നഗരസഭാ പ്രദേശങ്ങളിലും ദ്രുതഗതിയിലുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നതിന്റെ അടിസ്ഥാനത്തിൽ 4/ 2.04.23 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ, നഗരസഭകളുടെ ആസ്തി രജിസ്റ്ററുകളിൽ ഉൾപ്പെടുന്നതും നാഷണൽ ഹൈവേ അതോറിറ്റി ഏറ്റെടുക്കുന്നതുമായ നഗരസഭ റോഡ് ഭാഗങ്ങളിൽ അവരുമായി സംയുക്ത പരിശോധന നടത്തിയതായും

അറിയിച്ചിട്ടുണ്ട്.

കൂടാതെ നഗരസഭയുടെ ഉടമസ്ഥതയിൽ ഉള്ളതും ലോകമലേശ്വരം വില്ലേജിൽ സർവ്വെ നമ്പർ 120/2, 120/2-2 എന്നിവയിൽ നിന്ന യഥാക്രമം 0.0264 ഹെക്ടർ, 0.0005 ഹെക്ടർ ഭൂമി ദേശീയ പാതയ്ക്ക് വേണ്ടി ഏറ്റെടുക്കുന്നുണ്ട് എന്ന സ്പെഷൽ തഹസിൽദാർ (എൽ.എ) യൂണിറ്റ് 1, NH-17 (66), 13/12/22 ലെ 41/697/21 നമ്പർ കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ടൗൺഹാളിന്റെ മതിൽ പൊളിച്ചുമാറ്റേണ്ടതുമാണ് എന്നും നഷ്ടപരിഹാരത്തുക കൈപറ്റുന്നതിനായി കൈവശാവകാശം തെളിയിക്കുന്ന രേഖകളും, ആസ്തി രജിസ്റ്ററിന്റെ പകർപ്പുകളും അടിയന്തിരമായി സ്പെഷൽ തഹസിൽദാറുടെ (എൽ.എ) കാര്യാലയത്തിലേക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും നാളിതുവരെ ആയത് ഹാജരാക്കുവാൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല.

1.02.23 ന് നഗരസഭ സെക്രട്ടറി കൊടുങ്ങല്ലൂർ താലൂക്ക് തഹസിൽദാർക്ക് അയച്ച PW3-21030/22 നമ്പർ കത്തിൽ ലാന്റ് അക്വിസിഷൻ (ജനറൽ) ഓഫീസിലെ രേഖകൾ പരിശോധിച്ചത് പ്രകാരം 30/7/1996 ൽ അക്കൗണ്ട് നം. 2 പാസ്സായിട്ടുള്ളതായും ആയതിന് വേണ്ടി മാറ്റങ്ങൾ വരുത്തുന്നതിനായി കൊടുങ്ങല്ലൂർ താലൂക്ക് തഹസിൽദാർക്ക് അയച്ചുകൊടുത്തതായി ലാന്റ് അക്വിസിഷൻ കാര്യാലയത്തിലെ നോട്ട് ഫയലിൽ രേഖപ്പെടുത്തിയതായി സൂചിപ്പിച്ചതായും നാഷണൽ ഹൈവേ ഏറ്റെടുക്കുന്ന ഭൂമിയുടെ പോക്കുവരവ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും അപേക്ഷിച്ച എങ്കിലും തുടർവിവരങ്ങൾ ലഭ്യമല്ല.

പ്രസ്തുത സ്ഥലങ്ങൾ കൂടാതെ ലോകമലേശ്വരം വില്ലേജ് സർക്കാർ പുറമ്പോക്ക് ഇനത്തിൽ ഉൾപ്പെട്ട സർവെ നമ്പർ 652/2-5 ൽ പെടുന്ന 0.0053 ഹെക്ടർ ഭൂമിയും ആയതിലെ ചമയങ്ങളും നാഷണൽ ഹൈവേ വികസനത്തിന്റെ ഭാഗമായി ഏറ്റെടുക്കുമെന്നും ആയതിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ 15/3/23നകം ഹാജരാക്കുന്നതിനും സ്പെഷൽ തഹസിൽദാർ എൽ.എ , എൻ.എച്ച് 17, കൊടുങ്ങല്ലൂർ LA/LKM/001262/21 തിയതി 9/3/23 നമ്പർ കത്തിൽ ആവശ്യപ്പെട്ടിരുന്നു. എന്നാൽ പ്രസ്തുത സ്ഥലം പാട്ടത്തിനെടുത്തിരുന്ന മാതൃക പഞ്ചായത്ത് സഹകരണ സംഘം സർക്കാരിലേക്ക് അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാമെന്ന കൊടുങ്ങല്ലൂർ താലൂക്ക് തഹസിൽദാർ ഉത്തരവ്വ പുറപ്പെടുവിച്ചിട്ടുണ്ട്. ഇക്കാര്യം 15(3) 23 ന് സ്പെഷൽ തഹസിൽദാരെ (എൽ.എ, എൻ.എച്ച് 17, കൊടുങ്ങല്ലൂർ) അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി നം.4/ 2.04.23 നുള്ള മറുപടിയിൽ നഗരസഭ ആസ്തികളൊന്നും ഇതുവരെ നാഷണൽ ഹൈവേ അതോറിറ്റി പൊളിച്ചുനീക്കിയിട്ടില്ലെന്നും സൂചിപ്പിച്ചിട്ടുണ്ട്. നീക്കം ചെയ്യാൻ പോകുന്ന ആസ്തികളുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രം ഇതുവരെ ലഭിച്ചിട്ടില്ല.

നീക്കം ചെയ്യപ്പെടുന്ന ആസ്തികളുടെ ആധാരം ഹാജരാക്കുവാൻ വൈകുന്തോറും നഷ്ടപരിഹാരത്തുക ലഭിക്കുന്നതും വൈകുന്നതാണ്. തുക കോംപിറ്റന്റ് അതോറിറ്റിയുടെ അക്കൗണ്ടിൽ നിഷ്ക്രിയമായി കിടക്കുന്നതുമൂലവും പലിശ ലഭിയ്ക്കാത്തതു കൊണ്ടും ആയതിന്റെ മൂല്യം കുറഞ്ഞുവരുന്നതാണ്.

2000-ലെ കേരളാ മുനിസിപ്പാലിറ്റി വസ്തു ആർജിക്കലും കൈയ്യൊഴിയലും ചട്ടങ്ങളിലെ ചട്ടം 6 ,കേരളാ മുനിസിപ്പാലിറ്റി ആക്ട് 215 ( 1 ) വകുപ്പ് എന്നിവ അനുസരിച്ച് സർക്കാരിന്റെ മുൻകൂർ അനുവാദത്തോടെ നഗരസഭയുടെ ഏതൊരു വസ്തുവും കൈയൊഴിയുവാനാണ് വ്യവസ്ഥയുള്ളത്. ആയതിനാൽ നാഷണൽ ഹൈവേ അതോറിറ്റിക്ക് നഗരസഭയുടെ വസ്തുവഹകൾ കൈയൊഴിയുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി അനിവാര്യമാണ്. എന്നാൽ ഇക്കാര്യത്തിൽ തദ്ദേശ സ്വയം ഭരണ വകുപ്പുമായി നഗരസഭ ആശയവിനിമയം നടത്തിയതിന്റെ രേഖകൾ ലഭ്യമല്ല.

നാഷണൽ ഹൈവേ അക്വിസിഷനുമായി ബന്ധപ്പെട്ട് ഭൂമി കൈയൊഴിയുന്ന സ്വകാര്യ വ്യക്തികൾക്ക് ഗവ. ഏജൻസിയായ നാഷണൽ ഹൈവേ അതോറിറ്റി നഷ്ടപരിഹാര തുക നൽകിവരുന്നുണ്ട്. നഗരസഭയുടെ ആസ്തി രജിസ്റ്ററിലുൾപ്പടുന്ന വസ്തുവഹകൾ നാഷണൽ ഹൈവേ അതോറിറ്റി വികസനത്തിനായി ഏറ്റെടുക്കുമ്പോൾ സ്വാഭാവികമായും ആയതിന്റെ മൂല്യശോഷണം സംഭവിക്കുന്നതാകയാൽ, ന്യായമായും ആയതിന്റെ നഷ്ടപരിഹാരം ലഭിക്കേണ്ടതുതന്നെയാണ്. ആയതിനാൽ ഇക്കാര്യത്തിൽ എത്രയും വേഗം സ്പഷ്ടീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-34 സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് -പദ്ധതി തുക ചെലവഴിച്ചില്ല

സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസിനെ നിർവ്വഹണ ഉദ്യോഗസ്ഥനായി തിരഞ്ഞെടുത്ത് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുവാൻ ചുമതലപ്പെടുത്തി. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ.നം | പദ്ധതി/നം. | അടങ്കൽ തുക | | | | ചെലവഴിച്ച തുക | ചെലവഴിച്ച ശതമാനം |
|---|---|---|---|---|---|---|---|
| | | വികസന ഫണ്ട് | സംസ്ഥാ നാവിഷ്കൃത ഫണ്ട് | മറ്റുള്ളവ (ഗുണഭോക്തൃ വിഹിതം | ആകെ | | |
| 1 | സുഭിക്ഷ കേരളം- പട്ടുതാകുളം, 30/22 | 98400 | 49200 | 221400 | 369000 | 0 | 0 |
| 2 | മത്സ്യ തൊഴിലാളികൾക്ക് വള്ളവും വലയും, 33/22 | 300000 | 0 | 300000 | 600000 | 0 | 0 |
| 3 | മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് ലാപ്പ് ടോപ്പ് വിതരണം, 35/22 | 300000 | 0 | 0 | 300000 | 0 | 0 |
| 4 | മത്സ്യ തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ഫർണീച്ചർ (മേശ കസേര), 36/22 | 80000 | 0 | 0 | 80000 | 0 | 0 |
| 5 | സുഭിക്ഷ കേരളം- ബയോഫ്ലോക്ക് മത്സ്യ കൃഷി, 27/22 | 220800 | 110400 | 496800 | 828000 | 36800 | 4.44 |
| ആകെ | | 999200 | 159600 | 1018200 | 2177000 | 36800 | 1.69 |

5 പദ്ധതികൾ നടപ്പിലാക്കുവാൻ ചുമതലപ്പെടുത്തിയിട്ട് ഒരെണ്ണം മാത്രമാണ് നടപ്പിലാക്കിയത്. അതും ഭാഗികമായി മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. 21,77,000/- രൂപ വകയിരുത്തിയിട്ട് 36,800/- രൂപ മാത്രമാണ് ചെലവ് ചെയ്തിട്ടുള്ളത്. അതായത് വകയിരുത്തിയ തുകയുടെ 1.69% തുക മാത്രമാണ് ചെലവ് ചെയ്തിട്ടുള്ളത്. ഇക്കാര്യത്തിൽ മറുപടി ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.02/28.03.2023)

## 1-35 പട്ടികജാതി വികസന ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളിൽ അവയ്ക്ക് നേരെ കാണിച്ചിരിക്കുന്ന അപാകതകൾ കാണുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

| പദ്ധതി | ഗുണഭോക്താവ് | നൽകിയ തുക | ബിൽ നം. | അപാകത |
|---|---|---|---|---|
| കുടിവെള്ള ഗാർഹിക കണക്ഷൻ, 14/22 | വിജിത | 7500/- | CB-33/21-22 /17.01.2022 | എസ്റ്റിമേറ്റ് പ്രകാരം 7100/- രൂപ മാത്രമാണ് ചെലവഴിക്കേണ്ടത്. എന്നിരിക്കെ 400/- രൂപ അധികം നൽകിയതിന് കാരണം വ്യക്തമാക്കേണ്ടതാണ്. വാല്യുവേഷൻ |

| | | | | |
|---|---|---|---|---|
| | | | | സർട്ടിഫിക്കറ്റ് ലഭ്യമല്ലാത്തതിനാൽ ഇതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. |

മുകളിൽ പറഞ്ഞ അപാകതകൾക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/31.03.2023) ലഭ്യമാക്കിയ മറുപടിയിൽ യഥാർത്ഥ ചെലവ് തുകയാണ് അനുവദിച്ച് നൽകിയത് എന്നാണ് പറഞ്ഞിട്ടുള്ളത്. എന്നാൽ ഇത് പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-36 വ്യവസായ വികസന ഓഫീസർ -പദ്ധതി തുക ചെലവഴിച്ചില്ല

വ്യവസായ വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി തിരഞ്ഞെടുത്ത് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുവാൻ ചുമതലപ്പെടുത്തി. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ. നം | പദ്ധതി/നം. | അടങ്കൽ തുക | | | | | ചെലവഴിച്ച തുക | ചെലവഴിച്ച ശതമാനം |
|---|---|---|---|---|---|---|---|---|
| | | വികസന ഫണ്ട് | വികസന ഫണ്ട് (SCP) | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | മറ്റുള്ളവ (ഗുണഭോക്തൃ വിഹിതം | ആകെ | | |
| 1 | ദുരന്തബാധിതരുടെ വ്യവസായ വാണിജ്യ ഉപകരണങ്ങളുടെ പുന:സ്ഥാപനം, 234/22 | 0 | 0 | 100000 | 36000 | 136000 | 50000 | 37 |
| 2 | സുഭിക്ഷ- മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിന് സംരംഭകർക്ക് സഹായം, (പുരുഷൻ) 37/22 | 120000 | 0 | | 120000 | 240000 | 0 | 0 |
| 3 | സുഭിക്ഷ- മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിന് വനിത സംരംഭകർക്ക് സഹായം, 38/22 | 150000 | 0 | 0 | 50400 | 200400 | 0 | 0 |
| 4 | സുഭിക്ഷ- മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന പട്ടികജാതി ചെറുകിട സംരംഭകർക്ക് | 0 | 50000 | | 16800 | 66800 | 0 | 0 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | സഹായം, 39/22 | | | | | | | |
| 5 | പുതിയ സ്വയം തൊഴിൽ സംരഭങ്ങൾ ആരഭിക്കുന്നതിന് വനിതകൾക്ക് ധന സഹായം, 48/22 | 600000 | 0 | 0 | 106000 | 706000 | 0 | 0 |
| 6 | ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് പ്രോഗ്രാം, 140/22 | 200000 | 0 | 0 | 200000 | 400000 | 0 | 0 |
| ആകെ | | 1070000 | 50000 | 100000 | 529200 | 1749200 | 50000 | 2.86 |

6 പദ്ധതികൾ നടപ്പിലാക്കുവാൻ ചുമതലപ്പെടുത്തിയിട്ട് ഒരെണ്ണം മാത്രമാണ് നടപ്പിലാക്കിയത്. അതും ഭാഗികമായി മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. 17,49,200/- രൂപ വകയിരുത്തിയിട്ട് 50,000/- രൂപ മാത്രമാണ് ചെലവ് ചെയ്തിട്ടുള്ളത്. അതായത് വകയിരുത്തിയ തുകയുടെ 2.86% തുക മാത്രമാണ് ചെലവ് ചെയ്തിട്ടുള്ളത്. ഇക്കാര്യത്തിൽ മറുപടി ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.16/31.03.2023)

## 1-37 വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. വിശദവിവരം താഴെ കൊടുക്കുന്നു.

(ഓഡിറ്റ് എൻക്വയറി നം.27/04.04.2023)

| ക്രമ നം. | പദ്ധതി | വൗച്ചർ. നം. | തുക |
|---|---|---|---|
| 1 | ഐ.കെ.എം വിഹിതം, 02/22 | 22100466/27.05.2021 | 2,50,000 |
| 2 | എ.ബി.സി പദ്ധതി- കുടുംബശ്രീ മുഖാന്തിരം, 03/22 | 22100477/16.01.2022 | 4,20,000 |
| 3. | ചേംബർ ഓഫ് മുനിസിപ്പൽ ചെയർമാനിന് തുക അടവാക്കുന്നത്, 07/22 | 22101220/01.11.2021 | 1,00,000 |
| | | | 7,70,000 |

## 1-38 2022-2027 പഞ്ചവത്സര പദ്ധതി തയ്യാറാക്കൽ: അപാകത

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 2022-2027 വർഷത്തേയ്ക്ക് പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതിനായി 3,00,000/- രൂപ വകയിരുത്തി (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) നടപ്പിലാക്കിയ ഈ പദ്ധതിയിൽ തൻവർഷം ആകെ ചെലവഴിച്ച തുക 21,000/- രൂപ മാത്രമാണ് (വൗച്ചർ നം.22102330/30.03.2022). ഈ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ (ഫയൽ നം.P-19490/21) ഈ തുക ചെലവഴിച്ചിരിക്കുന്നത് വർക്കിംങ് ഗ്രൂപ്പ് കൂടിയതിന് ഭക്ഷണ ഇനത്തിലാണ്. ഇതിന്റെ ബിൽ/ഇൻവോയ്സ് എന്നിവ ഫയലിൽ ലഭ്യമല്ല. പഞ്ചവൽസര പദ്ധതി തയ്യാറാക്കുന്നതിന് മറ്റ് പ്രവർത്തനങ്ങൾ ഒന്നും തന്നെ ചെയ്തതായി കാണുന്നില്ല. വകയിരുത്തിയ തുകയുടെ 7% മാത്രമാണ് ചെലവ് ചെയ്തിരിക്കുന്നത്. ഇക്കാര്യത്തിൽ മറുപടി ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 28/04.04.2023)

## 1-39 ചെലവ് രേഖകൾ ലഭ്യമല്ല. ചെലവ് തുക 24,80,126/- തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ വൈദ്യുതി,വാട്ടർ കണക്ഷൻ ചാർജ്ജുകൾ എന്നിവ അടവാക്കൽ എന്ന ഈ പദ്ധതിയിൽ (നം.05/22) താഴെ പറയുന്ന തുകകൾ കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഇതിന്റെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ചെലവ് തുക 24,80,126/- തടസ്സപ്പെടുത്തുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

(ഓഡിറ്റ് എൻക്വയറി നം.29/04.04.2023)

| വൗച്ചർ നം. | തുക | നൽകിയത്. |
|---|---|---|
| 22101163/29.09.2021 | 15,00,000 | സൂപ്രണ്ട്,താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ്. |
| 22101221/01.11.2021 | 16,500 | മെഡിക്കൽ ഓഫീസർ,ഗവ.ആയുർവേദം |
| 22101516/16.12.2021 | 75,000 | ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 22101881/05.02.2022 | 8,00,000 | സൂപ്രണ്ട്,താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ്. |
| 22102346/30.03.2022 | 88,626 | 1.ഐ.സി.ഡി.എസ്.സൂപ്പർവൈസർ-60000/-<br>2.പ്രിൻസിപ്പൽ,ഗവ.ഗേൾസ് ഹയർസെക്കന്ററി സ്കൂൾ-15626/-<br>3.കൃഷി ഓഫീസർ-6000/-<br>4.കൃഷി ഫീൽഡ് ഓഫീസർ-7000/- |
| ആകെ | 24,80,126 | |

## 1-40 പദ്ധതി തുക ചെലവഴിച്ചില്ല

കൃഷി ഓഫീസറെ നിർവ്വഹണ ഉദ്യോഗസ്ഥനായി തിരഞ്ഞെടുത്ത് 9 പദ്ധതികൾ നടപ്പിലാക്കുവാൻ ചുമതലപ്പെടുത്തി. ആയതിന് 75,32,500/-രൂപ വകയിരുത്തുകയും ചെയ്തു. 9 പദ്ധതികൾ നടപ്പിലാക്കുവാൻ ചുമതലപ്പെടുത്തിയിട്ട് ആറെണ്ണം മാത്രമാണ് നടപ്പിലാക്കിയത്. അതും ഭാഗികമായി മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. ചെലവ് ചെയ്ത തുക 5,85,101/- രൂപ മാത്രമാണ്. അതായത് വകയിരുത്തിയ തുകയുടെ 7.76% തുക മാത്രമാണ് ചെലവ് ചെയ്തിട്ടുള്ളത്. ഇക്കാര്യത്തിൽ മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.36/05.04.2023

## 1-41 ക്യാഷ് ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥനായ വ്യവസായ വികസന ഓഫീസർ ക്യാഷ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.ആയത് എത്രയും വേഗം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ക്യാഷ് ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.37/05.04.2023)

## 1-42 പി.എം.എ.വൈ.-ഭവനനിർമമാണം പൂർത്തികരിക്കുന്നതിന് നടപടികൾ സ്വികരിക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ – പ്രൊജക്ട് ഓഫീസർ
ഭവന നിർമ്മാണ പദ്ധതി പ്രകാരം 4,00,000/-രൂപയാണ് ഭവനനിർമ്മാണത്തിനു വേണ്ടി ഗുണഭോക്താവിന് നൽകുന്നത്.
പി.എം.എ.വൈ പദ്ധതിയുടെ പരിശോധനയിൽ വിവിധ ഗഡുക്കൾ കൈപ്പറ്റിയ ഗുണഭോക്താക്കളിൽ 1241 ഗുണഭോക്താക്കളിൽ 1180 പേർ പണി പൂർത്തീകരിച്ചു. 61 പേർ പണി പൂർത്തീകരിക്കാനുണ്ട്.

| ക്രമ | ഗുണഭോക്താവിന്റെ പേര് | ആകെ കൈപ്പറ്റിയ |
|---|---|---|

| നം. | | തുക |
|---|---|---|
| 1 | വിജയകുമാരി, വാലിപ്പറമ്പിൽ | 360000 |
| 2 | ധന്യ, ചുള്ളിപറമ്പിൽ | 360000 |
| 3 | ഓമന, കാടാമ്പുഴ | 360000 |
| 4 | ഡെയ്സി, അറയ്ക്കൽ | 360000 |
| 5 | കൊച്ചുത്രേസ്യ, മംഗലത്ത് | 360000 |
| 6 | ധന്യ, തെക്കേവീട്ടിൽ | 80000 |
| 7 | വള്ളിയമ്മ, പാറയിൽ | 30000 |
| 8 | അജിത, പണ്ടാരപറമ്പിൽ | 360000 |
| 9 | സ്മിത ചൂരപ്പെട്ടി | 360000 |
| 10 | ചന്ദ്രിക, വാടിക്കൽ | 360000 |
| 11 | വിലാസിനി, മനക്കിലക്കാട്ടിൽ | 360000 |
| 12 | ശിവദാസ്, പുത്തൂര് | 360000 |
| 13 | ഇന്ദിര, കാട്ടുപുറം | 360000 |
| 14 | സുശീല, ചേന്ദങ്ങാട്ട് | 30000 |
| 15 | ഹർഷൻ, കാലടിപ്പറമ്പിൽ | 360000 |
| 16 | രജനി, അറുക്കാട്ട് | 30000 |
| 17 | രമ, വെണ്ണക്കടത്ത് | 200000 |
| 18 | അംബിക, കുക്കാടി | 360000 |
| 19 | കമറുദ്ദീൻ, മൂലക്കണ്ണി | 200000 |
| 20 | സുഭദ്രവത്സൻ, കടവിൽപറമ്പിൽ | 360000l |
| 21 | ജീജ, അയുവീട്ടിൽ | 360000 |
| 22 | മിനി, മാങ്ങാംപറമ്പിൽ | 360000 |
| 23 | സുനിത, പെരിങ്ങാട്ട് | 200000 |
| 24 | സുജാത, വയമ്പനാട്ട് | 360000 |
| 25 | തങ്കമണി, വടശ്ശേരി | 360000 |
| 26 | മിനി, ചൊവ്വല്ലൂർ | 360000 |
| 27 | അമ്മു, ചെറാത്തി | 360000 |
| 28 | ജയശ്രീ, മുട്ടത്താൻ | 360000 |
| 29 | സാവിത്രി, കാലടിപറമ്പിൽ | 200000 |
| 30 | ശോഭന, ചള്ളിയിൽ | 360000 |
| 31 | സോമലത, കാക്കശ്ശേരി | 360000 |
| 32 | സാവിത്രി, ള്ളമാട്ട് | 360000 |
| 33 | മോഹിനി, കോണത്തേടത്ത് | 360000 |
| 34 | സുമ, പാലയ്ക്കപറമ്പിൽ | 200000 |
| 35 | സന്ധ്യ, പാച്ചേരി | 40000 |
| 36 | രാജൻ, | 40000 |

| | | |
|---|---|---|
| | കൊടവത്തുപറമ്പിൽ | |
| 37 | താര, വാൽത്തറ | 360000 |
| 38 | ഓമന, വലിയപറമ്പിൽ | 360000 |
| 39 | ലിജേഷ്, ആറ്റുപുറത്ത് | 360000 |
| 40 | ജിജ്ജുജോയി, കുരിശിങ്കൽ | 360000 |
| 41 | രമാദേവി, ആലക്കൽ | 360000 |
| 42 | സുലേഖ, മാനാഞ്ചേരി | 360000 |
| 43 | രുഗ്മിണി, പൊന്നംമ്പിള്ളി | 360000 |
| 44 | ജാനകി, വളർകൊടി | 360000 |
| 45 | രമ്യ, പുളപ്പെട്ടി | 360000 |
| 46 | ബീന, നാളിയേടത്ത് | 360000 |
| 47 | ബിന്ദുമണി, ചെമ്പോഴിപറമ്പിൽ | 80000 |
| 48 | രഞ്ജിനി, വടക്കേക്കാട്ട് | 360000 |
| 49 | ഫിലോമിന, വേവുക്കാട്ട് | 360000 |
| 50 | നാൻസി, പണിക്കശ്ശേരി | 80000 |
| 51 | സുനി, കല്ലായിൽ | 360000 |
| 52 | ഓമന, അടിമച്ചാലിൽ | 360000 |
| 53 | ജെസിമൈക്കിൾ, ചോഴിയത്ത് | 360000 |
| 54 | കൃഷ്ണകുട്ടി, അരിവാൾപറമ്പിൽ | 360000 |
| 55 | വത്സല, കല്ലുപറമ്പിൽ | 360000 |
| 56 | നബീസ, ആളംപറമ്പിൽ | 360000 |
| 57 | ലേഖ, കാട്ടുപറമ്പിൽ | 360000 |
| 58 | സജിനി, പുത്തൂര് | 360000 |
| 59 | നിഷ, കല്ലുപറമ്പിൽ | 360000 |
| 60 | സുനിത ജയൻ, കൊണ്ടിയാറ | 360000 |
| 61 | രമ, നൊച്ചിത്തറ | 360000 |

ഭവന നിർമ്മാണം പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-43 അമൃത് പദ്ധതി

അമൃത് പദ്ധതി

558/2022

കൊടുങ്ങല്ലൂർ നഗരസഭയിൽ അമൃത്-2.0 പദ്ധതിയ്ക്കായി 23.11.2021 ൽ ഇന്ത്യൻ ബാങ്ക് കൊടുങ്ങല്ലൂർ ബ്രാഞ്ചിൽ 7120211981 നം അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. ഇതിൽ 2.4.2023 ൽ 94,48,259/- രൂപ ക്രെഡിറ്റ് ചെയ്യുകയും ചെയ്തിരുന്നു. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി യ്ക്ക് 5/29.3.2023 ന് താഴെ പറയും പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി Swap-2 യിൽ രണ്ട് പദ്ധതികളാണുള്ളത്.

1. KMWS Kodungallur Municippaliaty Providing FHTC To Urbsn Holds Including Source Improvement Works And Pipe Line Laying Work എന്ന പ്രവൃത്തിയ്ക്ക് O&M Chare അടക്കം 15.80 കോടി രൂപയുടെ പദ്ധതിക്ക് കേരള വാട്ടർ

അതോറിറ്റി ഡിപിആർ തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നുണ്ട്.

2. കൊടുങ്ങല്ലൂർ നഗരസഭയിലെ അരാകുളത്തിന്റെ പുനരുജ്ജീവനം എന്ന പ്രവൃത്തിയ്ക്ക് O&M Chare അടക്കം 1.17 കോടി രൂപ അനുവദിച്ചതിൽ ടി തുകയുടെ ഡിപിആർ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.

അമൃത് പദ്ധതിയിൽ അനുവദനിച്ച തുകയുടെ 25% തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതമയി കണക്കാക്കിയാണ്. ഉത്തരവ് വന്നത്. ഒരു ലക്ഷത്തിൽ താഴെ ജനസംഖ്യയുള്ള നഗരസഭകളിൽ 50% കേന്ദ്ര വിഹിതമായും 25% സ്റ്റേറ്റ് വിഹിതമായും 25% യു എൽ ബി വിഹിതവുമായിട്ടാണ് ഫണ്ട് വീതം വെച്ചിട്ടുള്ളത്. ഇതിൽ ഒന്നാമത്തെ പദ്ധതിയ്ക്ക് ആകെ അടങ്കൽ 1.80 കോടി രൂപയാണ് യു എൽ ബി വിഹിതമായി വരുന്നത്. ഇതിൽ 94,48,259/- രൂപ സർക്കാർ ഉത്തരവ് പ്രകാരം അക്കൗണ്ട് തുടങ്ങി ആയതിലേയ്ക്ക് അടവാക്കിയിട്ടുണ്ട്. ബാക്കി തുക ഈ വർഷത്തെ പദ്ധതി വിഹിതം ലഭ്യമാകുന്ന മുറയ്ക്ക് അടവാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

രണ്ടാമത്തെ പദ്ധതിയുടെ അടങ്കൽ തുക 1.17 കോടി രൂപയാണ്. ടി പദ്ധതിയുടെ യു എൽ ബി വിഹിതമായ 29.25 ലക്ഷം രൂപ ഈ വർഷത്തെ പദ്ധതിയിൽ നിന്നും അടവാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-44 സാമൂഹ്യ സുരക്ഷാ പെൻഷനുകൾ - മരണ ശേഷവും പെൻഷൻ തുക നൽകി വരുന്നു

സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ നിലവിൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്കോ സഹകരണ സ്ഥാപനങ്ങൾ വഴി നേരിട്ടോ ആണ് വിതരണം ചെയ്യപ്പെടുന്നത്. പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിന് ശേഷവും മരണപ്പെട്ട പെൻഷണർമാരുടെ വിവരങ്ങൾ പ്രാദേശിക സർക്കാർ സെക്രട്ടറിമാരെ അറിയിക്കേണ്ടതും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ മരണപ്പെട്ടവരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്. എന്നാൽ പെൻഷൻ നേരിട്ട് ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യപ്പെടുന്ന ഗുണഭോക്താക്കളുടെ കാര്യത്തിൽ മരണം സംഭവിച്ചാൽ ഡിസംബർ മാസത്തിൽ വാർഷിക മസ്റ്ററിംഗ് സമയത്ത് മാത്രമേ മരണപ്പെട്ട ഗുണഭോക്താവിന്റെ പെൻഷൻ വിതരണം നിർത്തുന്നതിന് സാധിക്കുകയുള്ളൂ. ഇതൊഴിവാക്കുന്നതിനായി സ.ഉ.(എ.എസ്) നം.97/2020/ധന. തീയതി. 23.09.2020 ഉത്തരവ് പ്രകാരം മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്ത വിധവ പെൻഷൻ ഗുണഭോക്താക്കളുടെയും വിവരങ്ങൾ അങ്കണവാടി / ആശാവർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും നീക്കം ചെയ്യാൻ പഞ്ചായത്ത് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിലവിൽ നഗരസഭയിൽ ഇപ്രകാരം ചുമതല ഏല്പിച്ചു നല്കിയിട്ടുണ്ടോയെന്ന് അറിയിക്കേണ്ടതാണ്.

ധനകാര്യവകുപ്പിന്റെ 05.11.20 ലെ സർക്കുലർ നമ്പർ 67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ഡാറ്റാ ബേസിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ മരണപ്പെട്ട ശേഷവും ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് പെൻഷൻ തുക നിക്ഷേപിക്കാൻ ഇടയാകുന്നതായി നഗരസഭയിൽ മരണം രജിസ്റ്റർ ചെയ്ത പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ ഡാറ്റാ ബേസ് പരിശോധിച്ചപ്പോൾ വ്യക്തമായി. നഗരസഭയിൽ മരണം രജിസ്റ്റർ ചെയ്യുന്നതിനു വേണ്ടിയുള്ള ഏതാനും അപേക്ഷകൾ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന വ്യക്തികൾക്ക് മരണ ശേഷവും പെൻഷൻ തുക നൽകി വരുന്നതായി കാണുന്നു.

| രജി. നം. | പേര് | മരണപ്പെട്ട തീയതി | പെൻഷൻ ഐ ഡി | പെൻഷൻ തരം | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം |
|---|---|---|---|---|---|
| 852/22 | അഫ്സ സി.ബി | 25.11.2022 | 102010601176 | വിധവാ പെൻഷൻ | 12/2022 വരെ |
| 761/22 | ശ്രീദേവി എൻ.പി. | 26.10.2022 | 107920600518 | വിധവാ പെൻഷൻ | 12/2022 വരെ |
| 738/22 | മോഹനൻ | 15.10.2022 | 2220273791 | ക്ഷേമ | 9/2022 |

| | | | | | |
|---|---|---|---|---|---|
| | സി.കെ. | | | നിധി ബോർഡ് | വരെ |
| 746/22 | മുകുന്ദൻ പി.ടി. | 20.10.2022 | 2220273891 | ക്ഷേമ നിധി ബോർഡ് പെൻഷൻ | 12/2022 വരെ |
| 740/22 | നാരായണൻ | 21.10.2022 | 2220276967 | ക്ഷേമ നിധി ബോർഡ് പെൻഷൻ | 11/2022 വരെ |

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. നഗരസഭയിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്. പരിശോധനകൾ നടത്തി അനർഹരുടെ പെൻഷൻ അക്കൗണ്ടുകൾ എത്രയും പെട്ടെന്ന് സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. നഗരസഭയിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ടതും, എന്നാൽ മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ നിന്നും പെൻഷനുകൾ കൈപ്പറ്റുന്നവരുമായവരുടെ വിവരം അതാത് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി - 39/ തീയതി 05.04.2023)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ തിയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | 468/22 – പോസ്റ്റ് | 22101655/30.12.21 | 108495 | 0 | 108495 |

| | | | | | |
|---|---|---|---|---|---|
| | ഷിഫ്റ്റിംഗ് | | | | |
| KWA | 373/22 – പൈപ്പ്ലൈൻ നീട്ടൽ | 22101790/01.02.22 | 9500000 | 0 | 9500000 |

മേൽ പറഞ്ഞ പ്രകാരം ചെലവഴിക്കാൻ ബാക്കി നിൽക്കുന്ന ഡെപ്പോസിറ്റ് തുകകൾ വാർഷിക കണക്കിന്റെ ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. ഖണ്ഡിക 1-10-21 കൂടി കാണുക.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയത്

ഇല്ല.

## 4-4 വായ്പാ/വായ്പാ തിരിച്ചടവ്

| പേര്, ഉദ്ദേശ്യം | ഉത്തരവ് നമ്പർ, തിയതി | വായ്പാ തുക | തൻവർഷം വരവ് | വർഷാ രംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻ വർഷം തിരിച്ചടച്ച തു | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഭവന പദ്ധതി, HUDCO | G.O.(MS)No.68/2018/ LSGD/ 18.05.2018 | 43000000 | 10800000 | 155426667 | 12786667 | - | 153440000 |

ബാലൻസ്ഷീറ്റ് B5- ഷെഡ്യൂൾ പ്രകാരം 330300100 – Loan From Government Bodies And Association – ഇനത്തിൽ 2218930/- രൂപ നീക്കിയിരിപ്പുണ്ട്. ആയതിന് രജിസ്റ്റര് സൂക്ഷിച്ചിട്ടില്ല.

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുന്ന ഖണ്ഡികകളുടെ വിവരം

വിവരങ്ങൾ നഗരസഭ ലഭ്യമാക്കിയിട്ടില്ല.

## 4-8 ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 36,87,84,416 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 34,91,81,237 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം, ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 34,95,249/- |

(ബി) നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടം

ഇല്ല

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ |
|---|---|---|

| നമ്പർ | | പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 3,34,794 | ലത ടി.കെ. ഹെഡ്മിസ്ട്രസ് |
| 1-22 | 4,86,400 | ആശ ആനന്ദ്, പ്രിൻസിപ്പാൾ ഗവ. ഹയർ സെക്കന്ററി സ്കൂൾ |
| 1-23 | 1,93,929 | ആശ ആനന്ദ്, പ്രിൻസിപ്പാൾ ഗവ. ഹയർ സെക്കന്ററി സ്കൂൾ |
| 1-39 | 24,80,126 | സനിൽ. എസ്, സെക്രട്ടറി |
| ആകെ | 34,95,249 | |

(ഡി) കേന്ദ്ര സംസ്ഥാന സർക്കാറുകൾ, സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടം

ഇല്ല.

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള നഷ്ടോത്തരവാദികളുടെ/തടസ്സപ്പെടുത്തിയ ഉദ്യോഗസ്ഥരുടെ സ്ഥിരം മേൽവിലാസം

| ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|
| ശ്രീമതി. ലത ടി.കെ, ഹെഡ്മിസ്ട്രസ് | ലഭ്യമല്ല | 'തണൽ', വല്ലച്ചിറ പി.ഒ, തൃശ്ശൂർ |
| ശ്രീമതി. ആശ ആനന്ദ്, പ്രിൻസിപ്പാൾ | പ്രിൻസിപ്പാൾ, KKTM ഗേൾസ് ഹയർസെക്കന്ററി സ്കൂൾ, കൊടുങ്ങല്ലൂർ | തേവരുത്തിൽ വീട്, മൂത്തകുന്നം പിൻ 683516, എറണാകുളം ജില്ല |
| ശ്രീ. സനിൽ എസ്, സെക്രട്ടറി | ലഭ്യമല്ല | ശ്രീനന്ദനം, കല്ലുമൂട്, കായംകുളം പി.ഒ., കാർത്തികപ്പള്ളി, ആലപ്പുഴ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 96-97 ചെലവ് | എൽ.എഫ്. ടി 4-1036/97 തീയതി 06.03.08. |
| 97-98 ചെലവ് | എൽ.എഫ്. ടി 4-1284/99 തീയതി 15.02.99. |
| 98-99 ചെലവ് | എൽ.എഫ്. ടി 4-1133/01 തീയതി 13.12.01/ 11.6.02. |
| 99-2000 ചെലവ് | എൽ.എഫ്. ടി 4-609/02 തീയതി 20.09.02. |
| 2000-01 ചെലവ് | എൽ.എഫ്. ടി 4-1468/04 തീയതി 14.12.04. |

| | |
|---|---|
| 2001-02 ചെലവ് | എൽ.എഫ്. ടി 4-1120/05 തീയതി 09.1.06./21.07.06. |
| 91-92 95-96 വരവ് ചെലവ് | എൽ.എഫ്. ടി 4-1092/09 തീയതി 23.04.10. |
| 96-97 വരവ് | എൽ.എഫ്. ടി 4-1086/09 തീയതി 18.05.10. |
| 97-98 വരവ് | എൽ.എഫ്. ടി 4-1087/09 തീയതി 18.05.10 |
| 98-99 വരവ് | എൽ.എഫ്. ടി 4-1088/09 തീയതി 18.05.10 |
| 99-2000 വരവ് | എൽ.എഫ്. ടി 4-1089/09 തീയതി 18.05.10 |
| 2000-01 വരവ് | എൽ.എഫ്. ടി 4-1090/09 തീയതി 18.05.10. |
| 2001-02 വരവ് | എൽ.എഫ്. ടി 4-1091/09 തീയതി 19.05.10. |
| 2002-03 വരവ് ചെലവ് | എൽ.എഫ്. ടി 4-1095/09 തീയതി 05.06.10. |
| 2003-04 വരവ് ചെലവ് | എൽ.എഫ്.ടി4-1395/10 തീയതി 30.5.11/24.10.11 |
| 2004-05 വരവ് ചെലവ് | എൽ.എഫ്. ടി 4-1396/10 തീയതി 27.10.11/7.1.12. |
| 2005-06 വരവ് ചെലവ് | എൽ.എഫ്.ടി 4-1397/10 തീയതി 29.10.11/7.1.12 |
| 2006-07 വരവ് ചെലവ് | എൽ.എഫ്. ടി 4-1398/10 തീയതി 28.10.11/21.03.12. |
| 2007-08 വരവ് ചെലവ് | എൽ.എഫ്. ടി 4-1399/10 തീയതി 29.10.11/21.03.12. |
| 2008-09 | എൽ.എഫ്.ടി.എം.2608/11 തീയതി 24.2.12./31.5.12. |
| 2009-10 | എൽ.എഫ്. ടി .എം. 2609/11 തീയതി 7.4.12/2.7.12. |
| 2010-11 | എൽ.എഫ്.ടി.എം.36/12 തീയതി 17.4.12./5.7.12. |
| 2011-12 | എൽ.എഫ്. ടി.എം.2118/13 തീയതി 14.5.14./17.9.14. |
| 2012-13 | എൽ.എഫ്. ടി .എം. 1776/14 തീയതി 3.6.15. |
| 2013-14 | കെ.എസ്.എ ടി.എസ്.ആർ (എം) 1414/15 തീയതി 27.11.15/11.01.2016 |
| 2014-2015 | കെ.എസ്.എ ടി.എസ്.ആർ (എം) 1441/16 തീയതി 9.08.2016 |
| 2015-2016 | കെ.എസ്.എ ടി.എസ്.ആർ (എം)15 /17 തീയതി 31.1.17 |
| 2016-17 | കെ.എസ്.എ ടി.എസ്.ആർ (എം)1629/17 തീയതി 25.11.17/22.12.17 |
| 2017-18 | കെ.എസ്.എ ടി.എസ്.ആർ (എം)845/19 തീയതി 17.7.19 |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ(എം)326/20 തീയതി 19.06.2020 |

| | |
|---|---|
| 2019-20 | കെ.എസ്.എ.ടി.എസ്.ആർ(എം1)324/22 തീയതി 11.05.2022 |
| 2020-21 | കെ.എസ്.എ.ടി.എസ്.ആർ(എം1)325/22 തീയതി 11.05.2022 |

ജോയിന്റ് ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂര് മുനിസിപ്പാലിറ്റിയുടെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂര് മുനിസിപ്പാലിറ്റിയുടെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്